26
2024
നവംബർ
ചൊവ്വ
വൃശ്ചികം 11

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.16 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-16 | പേജ് 4. വില 2.00 രൂപ

02 നവംബർ 26 ദേശീയ വിര വിമുക്ത ദിനം: എല്ലാ കുട്ടികൾക്കും വിര നശീകരണ ഗുളിക നൽകണം
03 ടൊവിനോ ചിത്രം 'നരിവേട്ട'യുടെ പേരിൽ ഫേക്ക് കാസ്റ്റിംഗ് കോൾ
04 ഓസീസിനെ എറിഞ്ഞിട്ടു; പെർത്തിൽ ഇന്ത്യയ്ക്ക് 295 റൺസിന്റെ ത്രസിപ്പിക്കുന്ന ജയം

### ഓർത്തോഡോക്സ് യാക്കോബായ സഭാ തർക്കം

# സുപ്രധാന നിർദേശവുമായി സുപ്രീം കോടതി

ന്യൂഡൽഹി : 2017 ൽ കെ. എസ് വർഗീസ് കേസിൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധി നടപ്പാക്കുന്നതിനുള്ള നടപടിക്രമം സമർപ്പിക്കാനാണ് സംസ്ഥാന സർക്കാരിനോട് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് നിർദേശിച്ചത്. ആരാധനാലയങ്ങൾ ഏറ്റെടുക്കാൻ പോലീസിനെ എങ്ങനെ അയക്കാനാകുമെന്നും സുപ്രീം കോടതി ആരാഞ്ഞു.

ഓർത്തഡോക്സ്- യാക്കോബായ പള്ളിത്തർക്ക വിഷയത്തിൽ ഉൾപ്പെട്ട എറണാകുളം, പാലക്കാട് ജില്ലകളിലെ ആറ് പള്ളികളുടെ ഭരണം ഏറ്റെടുക്കണമെന്ന ഉത്തരവ് നടപ്പാക്കാത്തതിന് കേരള ഹൈക്കോടതി സംസ്ഥാന സർക്കാരിന്റെ ഇരുപതോളം മുതിർന്ന ഉദ്യോഗസ്ഥർക്ക് എതിരെ കോടതി അലക്ഷ്യ നടപടി ആരംഭിച്ചിരുന്നു. ഹൈക്കോടതിയുടെ കോടതിയലക്ഷ്യ നടപടി ചോദ്യം ചെയ്ത് ഉദ്യോഗസ്ഥർ നൽകിയ ഹർജി പരിഗണിക്കവെയാണ് 2017 ലെ വിധി നടപ്പാക്കുന്നതിനുള്ള നടപടിക്രമം സമർപ്പിക്കാൻ സുപ്രീം കോടതി നിർദേശിച്ചത്. മലങ്കര സഭയ്ക്കു കീഴിലുള്ള പള്ളികൾ 1934 ലെ ഭരണഘടന അനുസരിച്ചു വേണം ഭരണം നടത്തേണ്ടതെന്ന് ആയിരുന്നു 2017 ലെ സുപ്രീം കോടതി വിധി.



മുൻ ചീഫ് സെക്രട്ടറി ഡോ വി വേണു, പൊലീസ് മേധാവി ഷേഖ് ദർവേഷ് സാഹിബ്, അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, ഐ ജി സെൻട്രൽ സോൺ നീരജ് കുമാർ ഗുപ്ത, എറണാകുളം ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് കുമാർ, എറണാകുളം റൂറൽ എസ് പി വിവേക് കുമാർ, പാലക്കാട് കളക്ടർ എസ്. ചിത്ര, പാലക്കാട് എസ്. പി ആർ ആനന്ദ് തുടങ്ങി രണ്ട് ഡസനോളം ഉദ്യോഗസ്ഥരോട് ഈ മാസം 29 ന് നേരിട്ട് ഹാജരാകാൻ ഹൈക്കോടതി നിർദേശിച്ചിരുന്നു. എന്നാൽ നേരിട്ട് ഹാജരാകുന്നതിൽ നിന്ന് സുപ്രീം കോടതി ഉദ്യോഗസ്ഥർക്ക് ഇളവ് അനുവദിച്ചു.

ഉദ്യോഗസ്ഥർ നൽകിയ ഹർജി ഡിസംബർ മൂന്നിന് പരിഗണിക്കാനായി സുപ്രീം കോടതി മാറ്റി. സംസ്ഥാന സർക്കാരിന് വേണ്ടി സീനിയർ അഭിഭാഷകൻ കപിൽ സിബൽ, സ്റ്റാന്റിംഗ് കോൺസൽ സി. കെ ശശി, അഭിഭാഷക മീന കെ പൗലോസ് എന്നിവർ ഹാജരായി.

ഓർത്തഡോക്സ് സഭയ്ക്ക് വേണ്ടി സീനിയർ അഭിഭാഷകരായ കെ കെ വേണുഗോപാൽ, സി. യു സിങ്, കൃഷ്ണൻ വേണുഗോപാൽ, അഭിഭാഷകൻ ഇ. എം എസ് അനാം എന്നിവർ ഹാജരായി. യാക്കോബായ സഭയ്ക്ക് വേണ്ടി സീനിയർ അഭിഭാഷകൻ രഞ്ജിത്ത് കുമാർ, അഭിഭാഷകൻ എ രഘുനാഥ് എന്നിവരാണ് ഹാജരായത്.

## വഖഫ് ആക്ട് റദ്ദ് ചെയ്യണമെന്ന് പി സ്റ്റെല്ലസ്

തിരുവനന്തപുരം : വഖഫ് ഏറെ ചർച്ച ചെയ്യപ്പെടുന്ന രാജ്യത്ത് പ്രത്യേകിച്ച് കേരളത്തിലെ സാഹചര്യം കണക്കിലെടുത്ത് വരാൻ പോകുന്ന പാർലമെന്റിന്റെ അജണ്ടയിൽ ഉൾപ്പെടുത്തി വഖഫ്(1923) ആക്ട് റദ്ദ് ചെയ്യണമെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് പി സ്റ്റെല്ലസ്.

പാർലമെന്റിന്റെ ജോയിന്റ് കമ്മിറ്റിയുടെ റിപ്പോർട്ട് നീട്ടി വയ്ക്കണമെന്നുള്ള പ്രതിപക്ഷ ആവശ്യവും തള്ളി കളയണമെന്നും പാർലമെന്റിന്റെ നടപ്പ് സമ്മേളനത്തിൽ തന്നെ നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു.

മുസ്ലിം വിഭാഗത്തിൽ അല്ലാത്തവരുടെ ഭു സ്വത്തുക്കൾ മുഴുവനുംവഖഫ് ബോർഡിന്റെ നിയന്ത്രണത്തിൽ നിന്നും മാറ്റണമെന്നും വഖഫ് നിയമത്തിന്റെ ഘടന തന്നെ പൊളിച്ചു എഴുതേണ്ടതാണ് കാരണം മുസ്ലീങ്ങൾ അല്ലാത്തവരുടെ ഭു സ്വത്തുക്കൾ എങ്ങനെ ഏറ്റെടുക്കാനും കൈവശം വയ്ക്കാനും കഴിയും. സർക്കാർ സ്വത്തുക്കളായിരുന്നാലും ആരാധനാലയങ്ങളുടെ സ്വത്തുക്കളായിരുന്നാലും കോടതികളുടെയും ജില്ലാ കളക്ടർമാരുടെയും നിയന്ത്രണത്തിൽ കൊണ്ടുവരണമെന്ന് പി സ്റ്റെല്ലസ് ആവശ്യപ്പെട്ടു

## തോൽവിയുടെ പ്രാഥമിക ഉത്തരവാദിത്വം ; രാജിസന്നദ്ധത തള്ളാതെ കെ. സുരേന്ദ്രൻ

തിരുവനന്തപുരം: ഉപതെരഞ്ഞെടുപ്പിലെ തോൽവിയുടെ ഉത്തരവാദിത്വം തനിക്കാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ. തന്റെ രാജി സംബന്ധിച്ച് കേന്ദ്രനേതൃത്വം തീരുമാനിക്കുമെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കേന്ദ്രത്തിന്റെ തീരുമാനം അനുസരിക്കും. തന്റെ പ്രവർത്തനത്തിൽ വീഴ്ചകൾ ഉണ്ടെങ്കിൽ ഓഡിറ്റ് ചെയ്യപ്പെടണം. ഒഴിയണോ തുടരണമോ എന്ന് കേന്ദ്ര നേതൃത്വം തീരുമാനിക്കുമെന്നും അദ്ദേഹം പറഞ്ഞു. വി. മുരളീധരൻ അധ്യക്ഷനായ സമയത്ത് പിറവത്ത് 2000 വോട്ടുകളാണ് ബിജെപിക്ക് കിട്ടിയത്.

## ആദിവാസി കുടിലുകൾ പൊളിച്ച് മാറ്റിയ വനം വകുപ്പിനെതിരെ പ്രതിഷേധം

മാനന്തവാടി : വയനാട് വന്യജീവി സങ്കേതത്തിന്റെ ഭാഗമായ തോൽപ്പെട്ടി റേഞ്ചിലെ ബേഗൂർ കൊല്ലിമൂല പണിയ ഉന്നതിയിലെ 3 കുടുംബങ്ങൾ വർഷങ്ങളായി താമസിച്ച് വന്നിരുന്ന കൂരകൾ വനം വകുപ്പ് പൊളിച്ച് മാറ്റി. വിദ്യാർഥികളും കൈക്കുഞ്ഞുങ്ങളും അടക്കമുള്ളവർ വീട് പൊളിച്ച് മാറ്റിയ സ്ഥലത്ത് തന്നെ അന്തി ഉറങ്ങിയ സാഹചര്യം ഉണ്ടായതോടെ കനത്ത പ്രതിഷേധം ഉടലെടുത്തു. ഒരു കുടുംബം മാത്രമാണ് വനഭൂമിയിൽ താമസിച്ചിരുന്നതെന്നും സ്വന്തമായി വേറെ സ്ഥലമുള്ള ഇവർക്ക് പഞ്ചായത്ത് വീട് അനുവദിച്ചിട്ടുണ്ടെന്നുമായിരുന്നു വനപാലകരുടെ വിശദീകരണം.

എന്നാൽ മനുഷ്യാവകാശ പ്രവർത്തകരും രാഷ്ട്രീയ പാർട്ടികളും പ്രതിഷേധവുമായി രംഗത്തെത്തി. ആദിവാസി കുടുംബങ്ങളുടെ വീടുകൾ ഒരു ബദൽ സംവിധാനവുമില്ലാതെ പൊളിച്ച് മാറ്റിയ വനം വകുപ്പ് നടപടിക്ക് എതിരെ തോൽപ്പെട്ടി അസി. വൈൽഡ് ലൈഫ് വാർഡന്റെ ഓഫിസിന് മുന്നിൽ യുഡിഎഫ് പ്രവർത്തകർ കുത്തിയിരിപ്പ് സമരം തുടങ്ങി. സംഘർഷാവസ്ഥ കണക്കിലെടുത്ത് കൂടുതൽ പൊലീസ് സ്ഥലത്തെത്തി. വീട് പൊളിച്ച സംഭവത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എതിരെ നടപടി എടുക്കുമെന്ന് ഇതിനകം വനം മന്ത്രിയുടെ വാർത്താക്കുറിപ്പ് ഇറങ്ങി. വീട് പൊളിച്ച കുടുംബങ്ങൾക്ക് താമസ സൗകര്യം ഒരുക്കും വരെ വനം വകുപ്പിന്റെ ഡോർമെറ്ററിയിൽ താമസിപ്പിക്കുമെന്നും ഇവരുടെ ഭക്ഷണവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുമെന്നും വൈൽ!ഡ് ലൈഫ് വാർഡൻ രേഖാമൂലം ഉറപ്പ് നൽകി. കടുത്ത പ്രതി



ഷേധങ്ങൾക്കും ചർച്ചകൾക്കും ഒടുവിൽ തിങ്കളാഴ്ച വൈകിട്ട് 6.45 ഓടെയാണ് പ്രതിഷേധം അവസാനിച്ചത്. മന്ത്രി ഒ.ആർ. കേളുവിന്റെ മണ്ഡലത്തിൽ അദ്ദേഹം 10 വർഷം പ്രസിഡന്റായിരുന്ന തിരുനെല്ലി പഞ്ചായത്തിലെ പണിയ ഉന്നതിയിലെ 3 കുടുംബങ്ങളാണ് വനം വകുപ്പിന്റെ ക്രൂരതയ്ക്ക് ഇരയായത്. "ഒരു മുന്നറിയിപ്പും ഇല്ലാതെ, വച്ച ചോറു തിന്നാൻ പോലും അനുവദിക്കാതെ തെരുവിലേക്ക് ഇറക്കി വിടുമെന്ന് സ്വപ്നത്തിൽ പോലും കരുതിയില്ല. ഞായറാഴ്ച രാത്രി കഴിഞ്ഞത് പൊളിച്ചിട്ട കുടിലിന്റെ തറയിലാണ്. ആനയും കടുവയും എല്ലാം വരുന്ന കാട്ടിലാണ് ഒരു ഷീറ്റുപോലും ഇല്ലാതെ കുട്ടികൾ അടക്കം ഒരു രാത്രി കഴിഞ്ഞത്." കിടപ്പാടം നഷ്ടമായ ലക്ഷ്മി പറഞ്ഞു

# കർക്കിടകത്തിലെ കരിക്കാടിയുമായി കണ്ണപ്പൻ ഇനി അഴിമുഖം കയറില്ല

**യേശുദാസ് വില്യം**



കൊല്ലം/ ശക്തികുളങ്ങര: രക്ഷകന്റെ പരിവേഷം ജീവിതാവസാനം വരെ നിറഞ്ഞുനിന്ന ലോറൻസ് ജോണി എന്ന കണ്ണപ്പൻ സ്രാങ്ക് ജീവിതത്തിൽ നിന്നും വിട വാങ്ങി. കൊല്ലം കോടിക്കകത്ത് ചുഴലിക്കൊടുങ്കാറ്റ് ദുരന്തം വിതച്ചപ്പോൾ തകർന്ന വള്ളങ്ങളിലെ നിസ്സഹായരായ മൽസ്യത്തൊഴിലാളികളെ തന്റെ ട്രോളിംഗ് ബോട്ടുമായെത്തി ജീവിതത്തിലേക്ക് എടുത്തുയർത്തിയ നീണ്ടകരയിലെ കണ്ണപ്പന്റെ കടൽ ജീവിതം ഓർമ്മകളുള്ള കാലം വരെ തീരം ഓർത്തു വെക്കും. അൻപതോളം മൽസ്യത്തൊഴിലാളികളെയാണ് പിൽക്കാലത്ത് തന്റെ പേര് തിരുത്തിയെഴുതിച്ച കണ്ണപ്പനെന്ന ചെറിയ തടി ബോട്ടുമായി ചെന്നു ലോറൻസ് രക്ഷിച്ചത്.

സർക്കാരിന്റെ കടൽരക്ഷാദൗത്യങ്ങളൊക്കെ നിർജ്ജീവമായപ്പോൾ വിറളിപൂണ്ട കടലിൽനിന്നു പരമ്പരാഗതമൽസ്യത്തൊഴിലാളികളെ കോരിയെടുത്തു തീരത്തെത്തിയ ലോറൻസിന്റെ വെള്ളത്തിൽ കുതിർന്നു നിൽക്കുന്ന ചിത്രം പ്രദേശിക, ദേശിയ പത്രങ്ങളിലും മുഖചിത്രമായി വന്നു. ഇൻഡ്യൻ പ്രസിഡന്റിൽ നിന്നും ജീവൻരക്ഷാപതക്കം കഴുത്തിലണിഞ്ഞത് തീരത്തിന്റെ ധീരൻമാരായ സ്രാങ്കുമാരോടൊപ്പം ഇടം പിടിച്ചതും ചരിത്രം.

കഴിഞ്ഞ മുപ്പതു കൊല്ലത്തിലേറെയായി നടപ്പിലാക്കുന്ന ട്രോളിംഗ് നിരോധനം കഴിഞ്ഞ് ആദ്യം കടലിലേക്കു പോകുകയും ചാകര കടലിൽ നിന്നും കരിക്കാടി ചെമ്മീനുമായി ആദ്യം അഴിമുഖം തൊടുന്ന ബോട്ടും കണ്ണപ്പൻ തന്നെയായിരുന്നു. കണ്ണപ്പൻ എന്ന ചെറിയ തടിബോട്ട് വലിയ ട്രോളറുകൾക്കും ലഭിക്കാത്ത ട്രേഡ് മാർക്ക് കടക്കോടികളിൽ കിട്ടിയിരുന്നു.

ഇതിനുകാരണം ഈ ബോട്ടിന്റെ വീൽഹൗസിൽ ചൂരുട്ടി കയറ്റിയ മീശയും കടൽ നോട്ടവുമായി വളയം പിടിച്ചു നിൽക്കുന്ന സ്രാങ്ക് ലോറൻസു തന്നെയാണ്. പ്രക്ഷുബ്ദമായ കടൽജീവിതത്തിലും കണ്ണപ്പനിൽ ഒരു നാടക കലാകാരൻ ഉണ്ടായിരുന്നു. എഴുപതുകളിൽ കൊല്ലത്തെ കലാലയ നാടകവേദികളിലും, കേരളത്തിലെ അമചർ നാടകരംഗത്തും രചനയിലും, അഭിനയത്തിലും അംഗീകാരങ്ങൾ നേടിക്കൊണ്ടു ഉയർന്നുവന്ന കുഞ്ഞുമോൻ പട്രോപ്പിയുടെ പ്രാദേശിക നാടകസംഘത്തിൽ സ്ഥിരം അഭിനേതാവായിരുന്നു കണ്ണപ്പൻ. ഇദ്ദേഹത്തിന്റെ ചില നോട്ടങ്ങളും, കണ്ണുകളിലെ രൗദ്ര ഭാവവും പുരികക്കൊടികളും പഴയകാല തമിഴ് ചലച്ചിത്ര നടൻ എം. എൻ നമ്പ്യാരെ അനുസ്മരിപ്പിക്കുന്നതായിരുന്നു. പ്രദേശിക തലത്തിൽ കുഞ്ഞുമോൻ പട്രോപ്പി അവതരിപ്പിച്ച മാക് മോഹൻ ലൈൻ, മഗല്ലൻ, പാലസ്സ് എന്നീ നാടകങ്ങളിലും കണ്ണപ്പൻ അഭിനയിച്ചിട്ടുണ്ട്. ഇൻഡ്യ ചൈന യുദ്ധ പശ്ചാത്തലത്തിൽ അതിർത്തിയിൽ നടക്കുന്ന കഥയാണ് മാക് മോഹൻ ലൈൻ. ചൈനീസ് പട്ടാളം ഇന്ത്യൻ ക്യാമ്പിലെ പട്ടാളക്കരെ ഒന്നൊന്നായി കൊന്നൊടുക്കുന്ന നാടകത്തിൽ സുഭാഷ് ചന്ദ്ര യെന്ന പട്ടാളക്കാരനായിട്ടാണ് കണ്ണപ്പൻ നീണ്ടകര പള്ളിയിലെ വേദിയിൽ അഭിനയിച്ചത്. വിക്ടോറിയ എന്ന കപ്പലിൽ ലോകസഞ്ചാരം നടത്തിയ നാവികന്റെ കഥയായിരുന്ന മഗല്ലൻ എന്ന നാടകത്തിനായി പട്രോപ്പി തെരഞ്ഞെടുത്തത്. എന്നാൽ അവതരണത്തിനു രണ്ടുമൂന്നു ദിവസത്തിനു മുൻപ് അഭിനേതാക്കൾ കാലുമാറിയപ്പോൾ പട്രോപ്പി നാടകത്തിന്റെ ഇതിവൃത്തം മാറ്റുകയും ഒപ്പം നിന്നവരെക്കൊണ്ടു മഗല്ലൻ അവതരിപ്പിക്കുകയും ചെയ്തു. അന്ന് നാടകത്തിന്റെ സ്ക്രിപ്റ്റ് കടൽപണിക്കു പോകുമ്പോൾ കൊണ്ടുപോയി കാണാതെ പഠിച്ചായിരുന്നു കണ്ണപ്പൻ അഭിനയിച്ചതെന്നും പട്രോപ്പി പറഞ്ഞു.

പാലസിൽ വിക്രമൻ നമ്പ്യാർ എന്നായിരുന്നു കണ്ണപ്പന്റെ കഥാപാത്രത്തിന്റെ പേര്. പിന്നീട് പട്രോപ്പി അതു പ്രിയസുഹൃത്തിന്റെ വിളിപ്പേരാക്കി മാറ്റുകയായിരുന്നു. ഏറെക്കാലത്തിനു ശേഷം തെക്കേകരയിലെ തീരത്തു നാടകാസ്വാദക സംഘത്തിന്റെ ആഭിമുഖ്യത്തിൽ നാടകോൽസവത്തിനു തിരശ്ശീല ഉയരുന്ന ദിനത്തിൽ തന്നെയാണ് കണ്ണപ്പന്റെ വിട വാങ്ങലും.



# ആദ്യ ദിനം പണംവാരി ബാറ്റർമാർ, രണ്ടാംദിനം പേസർമാരുടേത്

ജിദ്ദ: 2025ലെ ഐ.പി.എൽ. സീസണിന് മുന്നോടിയായുള്ള മെഗാതാരലേലം ജിദ്ദയിൽ അവസാനിച്ചു. 10 ടീമുകൾ 182 താരങ്ങൾക്കുവേണ്ടി 639.15 കോടി രൂപ മുടക്കി. 62 വിദേശ താരങ്ങളെയാണ് വിവിധ ടീമുകൾ സ്വന്തമാക്കിയത്. എട്ടുതാരങ്ങളെ ടീമുകൾ റൈറ്റ് റ്റു മാച്ച് കാർഡ് ഉപയോഗിച്ച് ടീമിൽ നിലനിർത്തി.

ആദ്യദിനം 27 കോടിക്ക് ലഖ്നൗ സൂപ്പർ ജയന്റ്സ് സ്വന്തമാക്കിയ ഋഷഭ് പന്ത് ഐ.പി.എൽ. ചരിത്രത്തിലെ വിലയേറിയ താരമായി. ശ്രേയസ് അയ്യർക്കായി പഞ്ചാബ് കിങ്സ് 26.75 കോടി രൂപയും വെങ്കടേഷ് അയ്യർക്കായി കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് 23.75 കോടിയും ചെലവാക്കി. 18 കോടി വീതം ലഭിച്ച അർഷ്ദീപ് സിങ് (പഞ്ചാബ് കിങ്സ്), യുസ്വേന്ദ്ര ചാഹൽ (പഞ്ചാബ് കിങ്സ്), 15.75 കോടി നേടിയ ജോസ് ബട്‌ലർ (ഗുജറാത്ത് ടൈറ്റൻസ്), 14 കോടി നേടിയ കെ.എൽ. രാഹുൽ(ഡൽഹി ക്യാപിറ്റൽസ്), 12.5 കോടി വീതം നേടിയ ജോഫ്ര ആർച്ചർ (രാജസ്ഥാൻ റോയൽസ്), ജോഷ് ഹേസൽവുഡ് (റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ), മുഹമ്മദ് സിറാജ് (ഗുജറാത്ത് ടൈറ്റൻസ്) എന്നിവരാണ് ഉയർന്ന തുകയ്ക്ക് ടീമുകൾ സ്വന്തമാക്കിയ മറ്റ് താരങ്ങൾ.

ഏറെ പ്രതീക്ഷയോടെ ഉറ്റുനോക്കിയ ഡേവിഡ് വാർണർ, ജോണി ബെയർസ്റ്റോ, കെയ്ൻ വില്യംസൺ, ശാർദുൽ ഠാക്കൂർ, പൃഥ്വി ഷാ, മലയാളി താരങ്ങളായ സന്ദീപ് വാര്യർ, അബ്ദുൾ ബാസിത് എന്നിവരെ ഏറ്റെടുക്കാൻ ആരുമുണ്ടായില്ല. സച്ചിൻ ടെൻഡുൽക്കറുടെ മകൻ അർജുൻ ടെൻഡുൽക്കറിനെ ആദ്യ ലേലത്തിൽ എടുക്കാൻ ആരും തയ്യാറായില്ല. വീണ്ടും അർജുനെ ലേലത്തിനെടുത്തപ്പോൾ അടിസ്ഥാന തുകയായ 30 ലക്ഷത്തിന് മുംബൈ ഇന്ത്യൻസ് നിലനിർത്തി. മലയാളി താരങ്ങളായ വിഷ്ണു വിനോദ് 95 ലക്ഷത്തിന് പഞ്ചാബ് കിങ്സിലും സച്ചിൻ ബേബി 30 ലക്ഷത്തിന് സൺ റൈസേഴ്സ് ഹൈദരാബാദ് ടീമിലും ഇടം നേടി.

ചെന്നൈ സൂപ്പർ കിങ്സ്

ഋതുരാജ് ഗെയ്ക്വാദ് ബാറ്റർ18 കോടി
രവീന്ദ്ര ജഡേജ ഓൾ റൗണ്ടർ18 കോടി
മതീഷ പതിരാനബൗളർ13 കോടി
ശിവം ദുബെ ഓൾ റൗണ്ടർ12 കോടി
നൂർ അഹമ്മദ്ബൗളർ10 കോടി
രവിചന്ദ്രൻ അശ്വിൻഓൾ റൗണ്ടർ9.75 കോടി
ഡെവൺ കോൺവെബാറ്റർ6.25 കോടി
ഖലീൽ അഹമ്മദ്ബൗളർ4.80 കോടി
രചിൻ രവീന്ദ്രഓൾ റൗണ്ടർ4 കോടി
എം.എസ്. ധോനിബാറ്റർ4 കോടി
രാഹുൽ ത്രിപാഠിബാറ്റർ3.40 കോടി
സാം കറൻഓൾ റൗണ്ടർ2.40 കോടി
ഗുർജപ്നീത് സിങ് ബൗളർ 2.20 കോടി
നഥാൻ എല്ലിസ് ബൗളർ 2 കോടി
ദീപക് ഹൂഡ ഓൾറൗണ്ടർ 1.70 കോടി
ജാമി ഓവർടൺ ഓൾറൗണ്ടർ 1.50 കോടി
വിജയ് ശങ്കർഓൾ റൗണ്ടർ1.20 കോടി
വംശ് ബേദി ബാറ്റർ 55 ലക്ഷം
സി. ആന്ദ്രേ സിദ്ധാർഥ് ബാറ്റർ 30 ലക്ഷം
രാമകൃഷ്ണ ഘോഷ് ഓൾറൗണ്ടർ 30 ലക്ഷം
ഷെയ്ഖ് റഷീദ് ബാറ്റർ 30 ലക്ഷം
മുകേഷ് ചൗധരി ബൗളർ 30 ലക്ഷം
കമലേഷ് നാഗർകോടി ഓൾറൗണ്ടർ 30 ലക്ഷം
ശ്രേയസ് ഗോപാൽ ബൗളർ 30 ലക്ഷം

ഡൽഹി ക്യാപിറ്റൽസ്

അക്സർ പട്ടേൽഓൾ റൗണ്ടർ16.50 കോടി
കെ.എൽ. രാഹുൽബാറ്റർ14 കോടി
കുൽദീപ് യാദവ്ബൗളർ13.25 കോടി
മിച്ചൽ സ്റ്റാർക്ക്ബൗളർ11.75
ടി. നടരാജൻബൗളർ10.75 കോടി
ട്രിസ്റ്റൻ സ്റ്റബ്സ്ബാറ്റർ10 കോടി
ജേക്ക് ഫ്രേസർ മക് ഗർക്ക്ബാറ്റർ9 കോടി
മുകേഷ്കുമാർബൗളർ8 കോടി
ഹാരി ബ്രൂക്ക്ബാറ്റർ6.25 കോടി
അഭിഷേക് പോറൽബാറ്റർ4 കോടി
അശുതോഷ് ശർമഓൾ റൗണ്ടർ3.80 കോടി
മോഹിത് ശർമബൗളർ2.20 കോടി
ഫാഫ് ഡു പ്ലെസിസ്ബാറ്റർ2 കോടി
സമീർ റിസ്വിഓൾറൗണ്ടർ95 ലക്ഷം
ഡൊണോവാൻ ഫെറെയ്റ ബാറ്റർ 75 ലക്ഷം
ദുശ്മന്ത ചമീര ബൗളർ 75 ലക്ഷം
വിപ്‌രാജ് നിഗം ഓൾറൗണ്ടർ 50 ലക്ഷം
കരുൺ നായർബാറ്റർ50 ലക്ഷം
മാധവ് തിവാരി ഓൾറൗണ്ടർ 40 ലക്ഷം
മൻവന്ത് കുമാർ ഓൾറൗണ്ടർ 30 ലക്ഷം
ത്രിപുരന വിജയ് ഓൾറൗണ്ടർ 30 ലക്ഷം
ദർശൻ നൽഖണ്ടെ ഓൾറൗണ്ടർ 30 ലക്ഷം
അജയ് മണ്ഡൽ ഓൾറൗണ്ടർ 30 ലക്ഷം
റാഷിദ് ഖാൻബൗളർ18 കോടി
ശുഭ്മാൻ ഗിൽബാറ്റർ16.5 കോടി
ജോസ് ബട്‌ലർബാറ്റർ15.75 കോടി
മുഹമ്മദ് സിറാജ്ബൗളർ12.25 കോടി
കഗിസോ റബാഡബൗളർ10.75 കോടി
പ്രസിദ്ധ് കൃഷ്ണബൗളർ9.50 കാടി
സായി സുദർശൻഓൾറൗണ്ടർ8.50 കോടി
എം. ഷാരൂഖ് ഖാൻഓൾറൗണ്ടർ4 കോടി
രാഹുൽ തെവാത്തിയഓൾറൗണ്ടർ4 കോടി
വാഷിങ്ടൺ സുന്ദർ ഓൾറൗണ്ടർ 3.20 കോടി
ഷെർഫാനെ റുഥർഫോഡ് ഓൾറൗണ്ടർ 2.60 കോടി
ജെറാൾഡ് കൂറ്റ്സിബൗളർ2.40 കോടി
സായ് കിഷോർ ഓൾറൗണ്ടർ 2 കോടി
ഗ്ലെൻ ഫിലിപ്സ് ബാറ്റർ 2 കോടി
മഹിമാൽ ലോംറോർഓൾറൗണ്ടർ1.70 കോടി
ഗുർണൂർ ബ്രാർ ബൗളർ 1.30 കോടി
അർഷദ് ഖാൻ ഓൾറൗണ്ടർ 1.30 കോടി
കരീം ജന്നത് ഓൾറൗണ്ടർ 75 ലക്ഷം
ജയന്ത് യാദവ് ഓൾറൗണ്ടർ 75 ലക്ഷം
കുമാർ കുശാഗ്രബാറ്റർ65 ലക്ഷം
നിശാന്ത് സിന്ധുഓൾറൗണ്ടർ30 ലക്ഷം
മാനവ് സുത്തർബൗളർ30 ലക്ഷം
അനുജ് റാവത്ത്ബാറ്റർ30 ലക്ഷം
കുൽവന്ത് ഖെജ്രോലിയ ബൗളർ 30 ലക്ഷം

കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്

വെങ്കടേഷ് അയ്യർഓൾറൗണ്ടർ23.75 കോടി
റിങ്കു സിങ്ബാറ്റർ13 കോടി
വരുൺ ചക്രവർത്തിഓൾറൗണ്ടർ12 കോടി
ആന്ദ്രെ റസ്സൽഓൾറൗണ്ടർ12 കോടി
സുനിൽ നരെയ്ൻബൗളർ12 കോടി
ആന്റിച്ച് നോർജെബൗളർ6.5 കോടി
ഹർഷിത് റാണബൗളർ4 കോടി
രമൺദീപ് സിങ്ഓൾറൗണ്ടർ4 കോടി
ക്വിന്റൺ ഡി കോക്ക്ബാറ്റർ3.6 കോടി
ആംഗ്രിഷ് രഘുവംശിബാറ്റർ3 കോടി
സ്പെൻസർ ജോൺസൺ ബൗളർ 2.80 കോടി
റഹ്മാനുള്ള ഗുർബാസ്ബാറ്റർ2 കോടി
മോയിൻ അലി ഓൾറൗണ്ടർ 2 കോടി
വൈഭവ് അറോറബൗളർ1.80 കോടി
റോവ്മാൻ പവൽബാറ്റർ1.50 കോടി
അജിങ്ക്യ രഹാനെ ബാറ്റർ 1.50 കോടി
ഉമ്രാൻ മാലിക് ബൗളർ 75 ലക്ഷം
മനീഷ് പാണ്ഡെ ബാറ്റർ 75 ലക്ഷം
അനുകുൽ റോയ്ഓൾറൗണ്ടർ 40 ലക്ഷം
ലുവ്നിത് സിസോദിയ ബാറ്റർ 30 ലക്ഷം
മായങ്ക് മാർക്കണ്ഡെ ബൗളർ30 ലക്ഷം

ലഖ്നൗ സൂപ്പർ ജയന്റ്സ്

ഋഷഭ് പന്ത്ബാറ്റർ27 കോടി
നിക്കോളസ് പൂരൻബാറ്റർ21 കോടി
മായങ്ക് യാദവ്ബൗളർ11 കോടി
രവി ബിഷ്ണോയ്ബൗളർ11 കോടി
ആവേശ് ഖാൻബൗളർ9.75 കോടി
ആകാശ് ദീപ് ബൗളർ 8 കോടി
ഡേവിഡ് മില്ലർബാറ്റർ7.50 കോടി
അബ്ദുൾ സമദ്ഓൾറൗണ്ടർ4.20 കോടി
ആയുഷ് ബദോനിഓൾറൗണ്ടർ4 കോടി
മൊഹ്സിൻ ഖാൻബൗളർ4 കോടി
മിച്ചൽ മാർഷ്ഓൾറൗണ്ടർ3.40 കോടി
ഷഹബാസ് അഹമ്മദ് ഓൾറൗണ്ടർ 2.40 കോടി
അയ്ഡൻ മർക്രാംബാറ്റർ2 കോടി
ഷമാർ ജോസഫ് ബൗളർ 75 ലക്ഷം
മണിമാരൻ സിദ്ധാർഥ്ബൗളർ75 ലക്ഷം
മാത്യു ബ്രീറ്റ്സ്കി ബാറ്റർ 75 ലക്ഷം
അർഷിൻ കുൽകർണി ഓൾറൗണ്ടർ 30 ലക്ഷം
ദിഗ്‌വേഷ് സിങ് ബൗളർ 30 ലക്ഷം
പ്രിൻസ് യാദവ് ബൗളർ 30 ലക്ഷം
യുവരാജ് ചൗധരി ഓൾറൗണ്ടർ 30 ലക്ഷം
ആകാശ് സിങ് ബൗളർ 30 ലക്ഷം
രാജ്വർധൻ ഹങ്കർഗേക്കർ ഓൾറൗണ്ടർ 30 ലക്ഷം
ആര്യൻ ജുയാൽബാറ്റർ30 ലക്ഷം
ഡിഗ്വേശ് സിങ്ബൗളർ30 ലക്ഷം
ഹിമ്മത്ത് സിങ്ബാറ്റർ30 ലക്ഷം

മുംബൈ ഇന്ത്യൻസ്

ജസ്പ്രീത് ബുംറഓൾറൗണ്ടർ18 കോടി
ഹർദിക് പാണ്ഡ്യബാറ്റർ16.35 കോടി
സൂര്യകുമാർ യാദവ്ബാറ്റർ16.35 കോടി
രോഹിത് ശർമബാറ്റർ16.30 കോടി
ട്രെന്റ് ബോൾട്ട്ബൗളർ12.50 കോടി
ദീപക് ചാഹർ ബൗളർ 9.25 കോടി
തിലക് വർമഓൾറൗണ്ടർ8 കോടി
നമൻ ധിർഓൾറൗണ്ടർ5.25 കോടി
വിൽ ജാക്ക്സ് ഓൾറൗണ്ടർ 5.25 കോടി
എഎം. ഗസാൻഫർ ബൗളർ 4.80 കോടി
റോബിൻ മിൻസ്ബാറ്റർ65 ലക്ഷം
കരൺ ശർമബൗളർ50 ലക്ഷം
വിഘ്നേഷ് പുതുർ ഓൾറൗണ്ടർ 30 ലക്ഷം
ബിവോൺ ജേക്കബ്സ് ബാറ്റർ 30 ലക്ഷം
സത്യനാരായണ രാജു ബൗളർ 30 ലക്ഷം
രാജ് ബവ ഓൾറൗണ്ടർ 30 ലക്ഷം
അശ്വനി കുമാർ ബൗളർ 30 ലക്ഷം
അർജുൻ ടെൻഡുൽക്കർ ബൗളർ 30 ലക്ഷം
കൃഷ്ണൻ ശ്രീജിത്ത് ബാറ്റർ 30 ലക്ഷം

പഞ്ചാബ് കിങ്സ്

ശ്രേയസ് അയ്യർബാറ്റർ26.75 കോടി
അർഷദീപ് സിങ്ബൗളർ18 കോടി
യുസ്വേന്ദ്ര ചാഹൽബൗളർ18 കോടി
മാർക്കസ് സ്റ്റോയിനിസ്ഓൾറൗണ്ടർ11 കോടി
മാർകോ ജെൻസൻ ഓൾറൗണ്ടർ 7 കോടി
ശശാങ്ക് സിങ്ഓൾറൗണ്ടർ5.5 കോടി
നേഹാൽ വധേരബാറ്റർ4.20 കോടി
ഗ്ലെൻ മാക്സ്വെൽഓൾറൗണ്ടർ4.20 കോടി
പ്രഭ്സിംറാൻ സിങ്ബാറ്റർ4 കോടി
പ്രിയാംശ് ആര്യ ഓൾറൗണ്ടർ 3.8 കോടി

# വിരബാധ കുട്ടികളുടെ ആരോഗ്യത്തെ സാരമായി ബാധിക്കും: മന്ത്രി വീണാ ജോർജ്

## നവംബർ 26 ദേശീയ വിര വിമുക്ത ദിനം: എല്ലാ കുട്ടികൾക്കും വിര നശീകരണ ഗുളിക നൽകണം

വിരബാധ കുട്ടികളുടെ വളർച്ചയേയും പൊതുവേയുള്ള ആരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രശ്നമായതിനാൽ ശ്രദ്ധിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കുട്ടികളിൽ വിളർച്ചയ്ക്കും പോഷകക്കുറവിനും ഇത് കാരണമാകുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ 1 മുതൽ 14 വയസ് വരെയുള്ള 64% കുട്ടികളിൽ വിരബാധയുണ്ടാകുവാൻ സാധ്യതയുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശക്തമായ ഇടപെടലുകളാണ് ആരോഗ്യ വകുപ്പ് നടത്തി വരുന്നത്. ഒരു വർഷത്തിൽ 6 മാസത്തെ ഇടവേളകളിലായി രണ്ടു പ്രാവശ്യം വിര നശീകരണത്തിനുള്ള ഗുളിക നൽകേണ്ടതാണ്. സ്കൂളുകളും അംഗണവാടികളും വഴി കുട്ടികൾക്ക് വിര നശീകരണത്തിനായി ആൽബൻഡസോൾ ഗുളിക നൽകിവരുന്നു. എല്ലാ കുട്ടികളും വിര നശീകരണത്തിനുള്ള ഗുളിക കഴിച്ചുവെന്ന് മാതാപിതാക്കൾ ഉറപ്പാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.നവംബർ 26-നാണ് ഈ വർഷം വിര വിമുക്ത ദിനമായി ആചരിക്കുന്നത്. അന്നേദിവസം വിദ്യാലയങ്ങളിൽ എത്തുന്ന കുട്ടികൾക്ക് അവിടെനിന്നും വിദ്യാലയങ്ങളിൽ എത്താത്ത 1 മുതൽ 19 വയസുവരെ പ്രായമുള്ള കുട്ടികൾക്ക് അങ്കണവാടികളിൽ നിന്നും ഗുളിക നൽകുന്നതാണ്. ഏതെങ്കിലും കാരണത്താൽ നവംബർ 26-ന് ഗുളിക കഴിക്കുവാൻ സാധിക്കാതെ പോയ കുട്ടികൾക്ക് ഡിസംബർ 3-ന് ഗുളിക നൽകുന്നതാണ്. ഈ കാലയളവിൽ ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്ന ഈ പ്രായത്തിലുള്ള കുട്ടികൾ ഗുളിക കഴിച്ചിട്ടില്ലെങ്കിൽ അവർക്ക് ഗുളിക നൽകേണ്ടതാണ്.

ഒന്ന് മുതൽ 2 വയസുവരെ അര ഗുളികയും (200 മില്ലിഗ്രാം), 2 മുതൽ 19 വയസുവരെ ഒരു ഗുളികയും (400 മില്ലിഗ്രാം) നൽകണം. ചെറിയ കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ വെള്ളത്തിൽ ഗുളിക അലിയിച്ചു കൊടുക്കണം. മുതിർന്ന കുട്ടികൾ ഉച്ചഭക്ഷണത്തിന് ശേഷം ഗുളിക ചവച്ചരച്ച് കഴിക്കണം. അതോടൊപ്പം തിളപ്പിച്ചാറിയ വെള്ളം കുടിക്കുകയും വേണം. അസുഖമുള്ള കുട്ടികൾക്ക് ഗുളിക നൽകേണ്ടതില്ല. അസുഖം മാറിയതിനു ശേഷം ഗുളിക നൽകാവുന്നതാണ്. ഗുളിക കഴിച്ചതിനു ശേഷം സാധാരണയായി ബുദ്ധിമുട്ടുകൾ ഉണ്ടാകാറില്ല. എന്നാൽ വിരബാധ കൂടുതലുള്ള കുട്ടികളിൽ ഗുളിക കഴിക്കുമ്പോൾ അപൂർവമായി വയറുവേദന, ഛർദ്ദി, ചൊറിച്ചിൽ, ശരീരത്തിൽ തടിപ്പുകൾ തുടങ്ങിയവ ഉണ്ടായേക്കാം.

***വിരബാധ ഏറെ ശ്രദ്ധിക്കണം***

വിരബാധ എല്ലാ പ്രായക്കാരെയും ബാധിക്കുമെങ്കിലും സാധാരണയായി കുട്ടികളെയാണ് കൂടുതൽ ബാധിക്കുന്നത്. മണ്ണിൽ കളിക്കുകയും പാദരക്ഷകൾ ഉപയോഗിക്കാതിരിക്കുകയും ചെയ്താൽ വിരബാധയുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ശരീരത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും ആവശ്യമായ ഭക്ഷണത്തിലെ പോഷക ഘടകങ്ങൾ വിരകൾ വലിച്ചെടുക്കുമ്പോൾ ശരീരത്തിൽ പോഷണക്കുറവ് അനുഭവപ്പെടുകയും അത് വളർച്ചയെ ബാധിക്കുകയും ചെയ്യുന്നു. സാധാരണ കുടലിലാണ് വിരകൾ കാണപ്പെടുന്നത്. ഉരുളൻ വിര (റൗണ്ട് വേം), കൊക്കൊപ്പുഴു (ഹുക്ക് വേം), കൃമി (പിൻ വേം), നാട വിര (ടേപ്പ് വേം) ചാട്ട വിര (വിപ്പ് വേം) എന്നിവയാണ് സാധാരണ കാണുന്ന വിരകൾ.

വിരബാധയുള്ള ആളുകളിൽ ഉത്സാഹക്കുറവ്, ക്ഷീണം, വിളർച്ച, വയറുവേദന, തലകറക്കം, ഛർദ്ദി, പോഷകക്കുറവ്, വിശപ്പില്ലായ്മ, ഭാരക്കുറവ്, ശ്രദ്ധക്കുറവ്, വയറിളക്കം മുതലായവ ഉണ്ടാകാം. കുട്ടികളിൽ വിരകളുടെ തോത് വളരെ കൂടുതലാണെങ്കിൽ കുടലിന്റെ പ്രവർത്തനം തടസപ്പെടാനും ശരിയായ ചികിത്സ യഥാസമയം ലഭ്യമായില്ലെങ്കിൽ സങ്കീർണമാകാനും സാധ്യതയുണ്ട്.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ ഭരണകൂടം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, വനിതാ ശിശു വികസനം, പട്ടികവർഗ വികസനം തുടങ്ങിയ വകുപ്പുകൾ, ജനപ്രതിനിധികൾ എന്നിവരുമായി സംയോജിച്ചാണ് ജില്ലകളിൽ പരിപാടി നടപ്പിലാക്കുന്നത്.

# ന്യൂനമർദം അതിതീവ്രമാകും; ചൊവ്വാഴ്ച മുതൽ മഴ കനക്കും, വിവിധ ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ഇടിയോടുകൂടിയ മഴയ്ക്ക് സാധ്യത. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ശക്തമായ മഴയ്ക്കും ബുധനാഴ്ച വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

വിവിധ ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ചൊവ്വാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലും ബുധനാഴ്ച ഇടുക്കി, എറണാകുളം തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലും വ്യാഴാഴ്ച ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലും യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം തീവ്രന്യൂനമർദമായി ശക്തി പ്രാപിച്ചു. തെക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിനു മുകളിലെ ന്യൂനമർദം തെക്കൻ ബംഗാൾ ഉൾക്കടലിനു മുകളിൽ തീവ്രന്യൂനമർദമായി ശക്തിപ്രാപിച്ചു. അടുത്ത 24 മണിക്കൂറിനുള്ളിൽ അതിതീവ്രന്യൂനമർദമായി ശക്തി പ്രാപിച്ച് തുടന്നുള്ള രണ്ടുദിവസത്തിൽ തമിഴ്നാട്- ശ്രീലങ്ക തീരത്തേക്ക് നീങ്ങാനും സാധ്യതയുണ്ട്. ഇതിന്റെ ഫലമായാണ് സംസ്ഥാനത്ത് മഴ കനക്കുന്നത്.അതേസമയം, തെക്കൻ കേരള തീരത്ത് ഇന്നുമുതൽ വെള്ളിയാഴ്ച വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തെക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിനു മുകളിലെ ന്യൂനമർദം തെക്കൻ ബംഗാൾ ഉൾക്കടലിനു മുകളിൽ തീവ്രന്യൂനമർദമായി ശക്തി പ്രാപിച്ചതിനാൽ ആ ഭാഗങ്ങളിലേക്ക് മത്സ്യബന്ധനത്തിന് പോകാൻ പാടില്ല.ഇന്നുമുതൽ വെള്ളിയാഴ്ച വരെ തെക്കൻ കേരള തീരത്ത് മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ഇന്ന് തെക്കൻ തമിഴ്നാട് തീരം, കന്യാകുമാരി പ്രദേശം, ഗൾഫ് ഓഫ് മന്നാർ, തെക്കൻ ബംഗാൾ ഉൾക്കടൽ, അതിനോട് ചേർന്ന തെക്കൻ ആൻഡമാൻ കടലിനോട് ചേർന്ന ഭാഗങ്ങൾ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിന്റെ തെക്കൻ ഭാഗങ്ങൾ, തെക്കു കിഴക്കൻ ബംഗാൾ ഉൾക്കടലിനോട് ചേർന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ചൊവ്വാഴ്ച തമിഴ്നാട് തീരം, കന്യാകുമാരി പ്രദേശം, ഗൾഫ് ഓഫ് മന്നാർ, തെക്കൻ ആന്ധ്രാപ്രദേശ് തീരം, തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, തെക്കു കിഴക്കൻ-മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ എന്നിവയോട് ചേർന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ മണിക്കൂറിൽ 55 മുതൽ 65 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 75 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനോട് ചേർന്ന ഭാഗങ്ങൾ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

മേൽപ്പറഞ്ഞ തീയതികളിൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ല. കടലിൽ പോയ മത്സ്യത്തൊഴിലാളികൾ എത്രയും വേഗം തന്നെ ആഴക്കടലിൽ നിന്ന് തീരത്തേക്ക് മടങ്ങാനും കേന്ദ്ര കാലാവസ്ഥാ വകുപ്പ് നിർദേശം നല്കി.

## ഭരണഘടനാ ദിനാഘോഷം

എഴുപത്തിയഞ്ചാം ഭരണഘടനാ ദിനാഘോഷം നവംബർ 26 ന് നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ വിവിധ സർക്കാർ വിഭാഗങ്ങളുടെ സഹകരണത്തോടുകൂടി വിപുലമായി ആഘോഷിക്കും. രാവിലെ 8 മണിക്ക് കവടിയാർ വിവേകാനന്ദ പ്രതിമക്ക് മുന്നിൽ അഞ്ഞൂറോളം മേരാ യുവ ഭാരത് വോളന്റിയർമാർ അണിനിരക്കുന്ന പദയാത്ര വെള്ളയമ്പലം, കനകക്കുന്ന്, സെൻട്രൽ ലൈബ്രറി, രക്തസാക്ഷി മണ്ഡപം വഴി നിയമസഭ പരിസരത്ത് എത്തിച്ചേരും. 10 മണിക്ക് നിയമസഭ സ്പീക്കർ എ. എൻ. ഷംസീർ ദിനാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിക്കും. ഭരണഘടനയുടെ ആമുഖം വായിക്കുകയും സദസ് ഏറ്റു ചൊല്ലുകയും ചെയ്യും. വി.കെ.പ്രശാന്ത് എംഎൽഎ പങ്കെടുക്കും.

## ഡെപ്യൂട്ടേഷൻ ഒഴിവുകൾ

തിരുവനന്തപുരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ജോയിന്റ് കമ്മീഷണർ (അക്കാദമിക്), സിസ്റ്റം മാനേജർ തസ്തികകളിലെ ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നു. യോഗ്യത, മറ്റ് വിവരങ്ങൾ അടങ്ങിയ വിജ്ഞാപനം www.cee-kerala.org വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സർവീസിലോ സ്വയംഭരണ സ്ഥാപനങ്ങളിലോ തത്തുല്യമായ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം.താൽപര്യമുള്ള ജീവനക്കാർ കെ.എസ്.ആർ - 144 അനുസരിച്ചുള്ള പ്രഫോർമയും ബയോഡാറ്റയും വകുപ്പ് മേധാവിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ മേലധികാരികൾ മുഖേന ഡിസംബർ 15 ന് മുമ്പ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാംനില) തമ്പാനൂർ, തിരുവനന്തപുരം - 1 വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കണം.

## ടെൻഡർ ക്ഷണിച്ചു

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐടിഐകളിലെ വിവിധ ട്രേഡുകളിലെ പരിശീലനത്തിനാവശ്യമായ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ഫർണിച്ചർ, സുരക്ഷാ ഉപകരണങ്ങൾ, മറ്റുപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന് യോഗ്യതയുള്ള സ്ഥാപനങ്ങളിൽ/ ഏജൻസികളിൽ നിന്ന് മത്സരാടിസ്ഥാനത്തിലുള്ള ടെൻഡറുകൾ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് www.etenders.kerala.gov.in വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471 2737100

## ടൈംടേബിൾ പ്രസിദ്ധീകരിച്ചു

സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന ഡിപ്ലോമ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസിന്റെ ഒന്നും മൂന്നും സെമസ്റ്റർ (നവംബർ 2024) പരീക്ഷകളുടെ നോട്ടിഫിക്കേഷനും ടൈംടേബിളും പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക്: www.tekerala.org.

## പി.ജി.ഹോമിയോ:ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2024-25 അധ്യയന വർഷത്തെ പി.ജി ഹോമിയോപ്പതി കോഴ്സുകളിലേക്കുള്ള ഒന്നാം ഘട്ട സ്ട്രേ വേക്കൻസിയിലേക്കുള്ള പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ അന്തിമ റാങ്ക് ലിസ്റ്റും കാറ്റഗറി ലിസ്റ്റും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ : 0471 2525300.

## പി.ജി.ആയുർവേദം:ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2024-25 അധ്യയന വർഷത്തെ ആയുർവേദ ബിരുദാനന്തര ബിരുദ ഡിഗ്രി/ഡിപ്ലോമ കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട സ്ട്രേ വേക്കൻസിയിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ അന്തിമ മെറിറ്റ് ലിസ്റ്റും കാറ്റഗറി ലിസ്റ്റും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ : 0471 2525300.

## സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2024 വർഷത്തെ ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഹോം പേജിൽ നിന്ന് അലോട്ട്മെന്റ് മെമ്മോ പ്രിന്റ് എടുക്കാം. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട് മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

രണ്ടാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് അടച്ചതിനു ശേഷം അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/ കോളേജിൽ നവംബർ 28 വൈകുന്നേരം 4 മണിക്ക് മുമ്പ് പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള രേഖകളുമായി ഹാജരായി പ്രവേശനം നേടണം. നിശ്ചിത സമയത്തിനുള്ളിൽ കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകും. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മിഷണറുടെ വെബ്സൈറ്റ് കാണുക. ഫോൺ : 0471 2525300.

## ടെക്നോപാർക്കിൽ തൊഴിൽമേള

കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ നവംബർ 30ന് രാവിലെ 9 മണിക്ക് ടെക്നോപാർക്കിൽ പ്രയുക്തി ടെക്നോ ഡ്രൈവ് 2024 എന്ന പേരിൽ സൗജന്യ തൊഴിൽമേള സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: www.facebook.com/MCCTVM, ഫോൺ: 0471 230457

## ഡിസംബർ 15 വരെ എൻട്രികൾ അയക്കാം

2025 ജനുവരി 7 മുതൽ 13 വരെ നിയമസഭ സമുച്ചയത്തിൽ വച്ച് നടത്തുന്ന കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിനോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ഓൺലൈൻ മത്സരങ്ങളുടെ എൻട്രികൾ സമർപ്പിക്കേണ്ട അവസാന തീയതി 2024 ഡിസംബർ 15 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

## അപേക്ഷ ക്ഷണിച്ചു

കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയുടെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലേക്ക് ഗ്രാജുവേറ്റ് ഇന്റേൺ, എക്സിക്യൂട്ടീവ് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കാസർഗോഡ്, പാണ്ടിക്കാട്, ലക്കിടി, കുന്നംകുളം, പെരുമ്പാവൂർ, കുളക്കട, കഴക്കൂട്ടം എന്നിവിടങ്ങളിലായി എക്സിക്യൂട്ടീവ് തസ്തികയിലേക്ക് ഏഴും, കാസർഗോഡ്, ചാത്തന്നൂർ, കളമശ്ശേരി, വിഴിഞ്ഞം, എറണാകുളം എന്നിവിടങ്ങളിലായി ഗ്രാജുവേറ്റ് ഇന്റേൺ തസ്തികയിലേക്ക് അഞ്ചും ഒഴിവുകളാണുള്ളത്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും https://asapkerala.gov.in/careers/ എന്ന ലിങ്ക് സന്ദർശിക്കുക. ഡിസംബർ നാലിന് വൈകിട്ട് ആറിന് മുമ്പ് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

## പ്രൊഡക്ഷൻ ഓഫീസർ നിയമനം

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഡക്ഷൻ ഓഫീസർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ അപേക്ഷയും ആവശ്യമായ രേഖകളും 2024 ഡിസംബർ 15 വൈകിട്ട് 5നകം കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ സമർപ്പിക്കണം. അച്ചടിയിൽ ഡിപ്ലോമയും, മൂന്ന് വർഷത്തിൽ കുറയാതെ ഏതെങ്കിലും പ്രശസ്തമായ അച്ചടിശാലയിലെ പുസ്തക നിർമാണ വകുപ്പിൽ ജോലി ചെയ്തുള്ള പരിചയവുമുള്ളവർക്ക് അപേക്ഷിക്കാം. ഒരു അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ശാസ്ത്ര/മാനവിക വിഷയത്തിലെ ബിരുദവും, മലയാള ഭാഷയിലെ പ്രാവീണ്യവും അധിക യോഗ്യതകളായി പരിഗണിക്കും. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 0471 2333790, 8547971483, www.ksicl.org


# സൗജന്യ ഭക്ഷണം, മരുന്ന് ബാങ്കുകൾ; രോഗികൾക്കുള്ള സേവനങ്ങൾ വിപുലീകരിച്ച് ആർ.സി.സി

രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമുള്ള സേവനങ്ങൾ വിപുലീകരിച്ച് റീജിയണൽ കാൻസർ സെന്റർ. സൗജന്യമായി ഭക്ഷണവും മരുന്നുകളും ലഭ്യമാക്കുന്ന സൗജന്യ ഡ്രഗ് ബാങ്ക്, ഫുഡ് ബാങ്ക് എന്നിവ പ്രവർത്തനം തുടങ്ങി. ആർസിസിയിൽ ചികിത്സ തേടുന്ന നിർധനരായ രോഗികൾക്ക് സൗജന്യമായി മരുന്നുകൾ നൽകുന്ന സൗജന്യ ഡ്രഗ് ബാങ്കിന്റെ വിപുലീകരിച്ച കൗണ്ടർ രോഗികൾക്കും കൂട്ടിരുപ്പുകാർക്കുമുള്ള വിശ്രമ സങ്കേതവും അനുബന്ധസേവനങ്ങളും ലഭ്യമാക്കുന്ന പേഷ്യന്റ് വെൽഫയർ ആൻഡ് സർവീസ് ബ്ലോക്കിലാണ് പ്രവർത്തിക്കുന്നത്. കീമോതെറാപ്പി മരുന്നുകൾ, ആന്റിബയോട്ടിക്കുകൾ, ഡിസ്പോസിബിൾസ്, സപ്പോർട്ടീവ് മരുന്നുകൾ എന്നിവ ഈ ഡ്രഗ് ബാങ്കിലൂടെ സൗജന്യമായി വിതരണം ചെയ്യും.

ആശുപത്രിയിൽ ചികിത്സ തേടുന്ന നിർധനരായ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗജന്യമായി ഭക്ഷണം നൽകുന്നതിന് സൗജന്യ ഫുഡ് ബാങ്കും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആശുപത്രിയിൽ അഡ്മിറ്റാകുന്ന എഫ് വിഭാഗത്തിലുള്ളവർക്ക് (ബിപിൽ കാർഡ് അംഗങ്ങൾ) നിലവിൽ ഭക്ഷണം സൗജന്യമാണ്. ഇതിന് പുറമേയാണ് ഒപിയിൽ എത്തുന്നവർക്കു കൂടി പ്രയോജനപ്പെടുത്താനാകും വിധം സൗജന്യ ഫുഡ് ബാങ്ക് പദ്ധതി ആരംഭിച്ചത്. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഈ സേവനം പ്രയോജനപ്പെടുത്താം. ആർസിസിയിലെത്തുന്നവർക്ക് ഭക്ഷണം നൽകാനാഗ്രഹിക്കുന്നവർക്ക് ഇതിനുള്ള പണം സംഭാവനയായി നൽകാവുന്നതാണ്. ഇതിനു പുറമേ നിർധനരായ രോഗികൾക്ക് സൗജന്യനിരക്കിൽ പരിശോധനകൾ നടത്തുന്നതിനും ചികിത്സ തേടുന്നതിനുമുള്ള പദ്ധതിയും പരിഗണനയിലാണ്. സംഭാവനകൾ ആർസിസിയിൽ നേരിട്ടോ ഓൺലൈനായോ അല്ലെങ്കിൽ ഡയറക്ടർ, ആർ.സി.സി തിരുവനന്തപുരം എന്ന പേരിൽ ചെക്ക്/ഡിഡി ആയോ നൽകാം. അക്കൗണ്ട് വിവരങ്ങൾ: സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മെഡിക്കൽ കോളേജ് ബ്രാഞ്ച്, പി.ബി നം. 2417, മെഡിക്കൽ കോളേജ് ക്യാമ്പസ്, തിരുവനന്തപുരം – 695011, അക്കൗണ്ട് നമ്പർ: 57036241251, എംഐസിആർ കോഡ്: 695009015, ഐഎഫ്എസ്സി കോഡ്: SBIN0070029.

# ടൊവിനോ ചിത്രം 'നരിവേട്ട'യുടെ പേരിൽ ഫേക്ക് കാസ്റ്റിംഗ് കോൾ

ടൊവിനോ തോമസിനെ നായകനാക്കി അനുരാജ് മനോഹർ സംവിധാനം ചെയ്യുന്ന 'നരിവേട്ട'യുടെ പേരിൽ ഫേക്ക് കാസ്റ്റിംഗ് കോൾ നടത്തുന്നു. അഭിനയിക്കാൻ താൽപര്യം പ്രകടിപ്പിച്ചെത്തുന്നവരോട് ഫോട്ടോയും ഡീറ്റെൽസും ചോദിക്കുന്നതോടൊപ്പം പണം ആവശ്യപ്പെടുന്ന സാഹചര്യമാണ് കാണുന്നത്. വലിയ ഒരു സംഘം തന്നെ ഇതിന് പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനോടകം ഒരുപാട് പേരിൽ നിന്നും പണം തട്ടിയെടുത്തിട്ടുണ്ട്. 'ടൊവിനോയുടെ പടമാണ്, പൊലീസിന്റെ ക്യാരക്ടറാണ്, വയനാട് ഫോറസ്റ്റിലാണ് ഷൂട്ടിംഗ് നടക്കുന്നത്, ആറ് ദിവത്തെ ഷൂട്ടിംഗ് ഉണ്ടാവും എന്നൊക്കെ പറഞ്ഞുകൊണ്ട് 9544199154, 9605025406 എന്നീ നമ്പറുകളിൽ നിന്നാണ് സംഘം സന്ദേശങ്ങൾ അയക്കുന്നത്. ആർട്ടിസ്റ്റുകളെ കൺവീൻസ് ചെയ്ത ശേഷം ഉഘതആ0000009 എന്ന IFSE കോഡ് വരുന്ന 000900100003336 എന്ന അകൗണ്ട് നമ്പറിലേക്ക് പണം അയക്കാൻ ആവശ്യപ്പെടുകയാണ്. ഇന്ത്യൻ സിനിമാക്കമ്പനിയുടെ ബാനറിൽ ടിപ്പു ഷാനും ഷിയാസ് ഹസ്സനും ചേർന്നാണ് ചിത്രം നിർമിക്കുന്നത്. കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം നേടിയ അബിൻ ജോസഫാണ് ചിത്രത്തിന്റെ തിരക്കഥാകൃത്ത്. കുട്ടനാട്, ചങ്ങനാശേരി, കോട്ടയം എന്നിവിടങ്ങളിലായ് ആദ്യഘട്ട ചിത്രീകരണം പൂർത്തിയാക്കിയ ചിത്രത്തിന്റെ സെക്കൻഡ് ഷെഡ്യൂൾ വയനാട്ടിൽ നടക്കുകയാണ്. പ്രിയംവദാ കൃഷ്ണയാണ് നായിക. സുരാജ് വെഞ്ഞാറമൂടും പ്രശസ്ത തമിഴ് സംവിധായകനും നടനുമായ ചേരനും സുപ്രധാന വേഷങ്ങളിലെത്തുന്ന ചിത്രത്തിലെ മറ്റ് പ്രധാന കഥാപാത്രങ്ങളെ ആര്യാസലിം, റിനി ഉദയകുമാർ, സുധി കോഴിക്കോട്, പ്രശാന്ത് മാധവൻ, എൻ എം ബാദുഷ തുടങ്ങിയവരാണ് അഭിനയിക്കുന്നത്.




# ഗൂഗിൾമാപ്പ് വഴികാട്ടിയത് പണിതീരാത്ത പാലത്തിലൂടെ; കാർ താഴേക്കു വീണ് മൂന്നുപേർക്ക് ദാരുണാന്ത്യം

ലക്നോ: യുപിയിലെ ബറെയ്‌ലിയിൽ പണിതീരാത്ത പാലത്തിൽനിന്നു താഴേക്കു വീണ കാറിലെ യാത്രികരായ മൂന്നുപേർക്ക് ദാരുണാന്ത്യം. മെയിൻപുരി സ്വദേശി കൗശൽകുമാർ, ഫറൂഖാദ് സ്വദേശികളായ വിവേക് കുമാർ, അമിത് കുമാർ എന്നിവരാണ് മരിച്ചത്. ബറെയ്‌ലിയെയും ബദാവൂൻ ജില്ലയെയും ബന്ധിപ്പിച്ചുകൊണ്ട് രാംഗംഗ നദിക്കു കുറുകെ പണിയുന്ന പാലത്തിലായിരുന്നു അപകടം. ശനിയാഴ്ച രാത്രി നടന്ന അപകടത്തിന്റെ വിവരം ഇന്നലെ രാവിലെയാണ് പുറത്തറിഞ്ഞത്.

കാർ മണൽത്തിട്ടയിൽ വീണു തകർന്നനിലയിൽ ഇന്നലെ രാവിലെ പ്രദേശവാസികൾ കാണുകയായിരുന്നു. തുടർന്നുള്ള പരിശോധനയിലാണ് കാറിനകത്ത് മൂന്നുപേരെ മരിച്ചനിലയിൽ കണ്ടത്. ദതാഗഞ്ചിൽ നിന്നു ഫരീദ്പുരിലേക്ക് പോകുകയായിരുന്നു കാറിലുണ്ടായിരുന്നവരെന്നും ഗൂഗിൾ മാപ് ഉപയോഗിച്ച് വഴിനോക്കിയാണു പോയിരുന്നതെന്നും പോലീസ് കണ്ടെത്തി. പാലം പണിതീരാതെ കിടക്കുകയായിരുന്നെന്ന വിവരം ഇവർക്ക് അറിയാൻ സാധിച്ചില്ല. വേഗതയിൽ വന്ന കാർ പാലം അവസാനിക്കുന്നിടത്ത് നിർത്താൻ ഡ്രൈവർക്കും കഴിഞ്ഞില്ല. ഇതോടെ, പാലത്തിൽനിന്ന് 25 അടി താഴേക്കു വീണ് മൂവരും മരിക്കുകയായിരുന്നു. നേരത്തെ ഇവിടെയുണ്ടായിരുന്ന പാലം 2022ലെ പ്രളയത്തിൽ തകർന്നുപോയിരുന്നു. തുടർന്നാണ് പുനർനിർമാണം തുടങ്ങിയത്. എന്നാൽ, ഇതു പൂർത്തിയാക്കിയില്ല. പാലത്തിലേക്ക് കയറുന്നിടത്ത് മുന്നറിയിപ്പുകളോ മറ്റ് അടയാളങ്ങളോ ഇല്ലാത്തതും അപകടത്തിനു കാരണമായി. കാർ താഴേക്കു വീണ് മൂന്നുപേർക്ക് ദാരുണാന്ത്യം

# യുഎൻ കാലാവസ്ഥാ ഉച്ചകോടി: 30,000 കോടി ഡോളർ അപര്യാപ്തം

ബാക്കു: ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങൾ നേരിടുന്നതിന് ദരിദ്രരാഷ്ട്രങ്ങൾക്ക് 2035 മുതൽ പ്രതിവർഷം 30, 000 കോടി ഡോളർ നല്കാൻ സന്പന്നരാജ്യങ്ങൾ സമ്മതിച്ചതോടെ ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥാ ഉച്ചകോടി സമാപിച്ചു. അതേസമയം, തുക ഒട്ടും പര്യാപ്തമല്ലെന്ന് ദരിദ്രരാജ്യങ്ങളും പരിസ്ഥിതി സംഘടനകളും ആരോപിച്ചു.

അസർബൈജാൻ തലസ്ഥാനമായ ബാക്കുവിൽ വെള്ളിയാഴ്ച അവസാനിക്കേണ്ടിയിരുന്ന ഉച്ചകോടി, ധനസഹായം സംബന്ധിച്ച ചർച്ചകളിൽ തീരുമാനം ഉണ്ടാകാതിരുന്നതിനെത്തുടർന്ന് ഇന്നലവരെ നീളുകയായിരുന്നു.

വികസിതരാജ്യങ്ങൾ വർഷം 1.3 ലക്ഷം കോടി ഡോളർവച്ചു നല്കണമെന്നായിരുന്നു വികസ്വര, അവികസിത രാജ്യങ്ങൾ ആവശ്യപ്പെട്ടത്. കാലാവസ്ഥാവ്യതിയാനത്തിനു കാരണമാകുന്ന ഹരിതവാതകങ്ങൾ ഏറ്റവും കൂടുതൽ പുറംതള്ളുന്ന സന്പന്ന രാജ്യങ്ങൾക്ക് ഇതിനുള്ള ഉത്തരവാദിത്വമുണ്ടെന്ന വാദം ഉച്ചകോടിയിൽ ശക്തമായിരുന്നു. അതേസമയം, ലോകത്തിലെ രണ്ടാമത്തെ വലിയ സന്പദ്‌വ്യവസ്ഥ നിലനിൽക്കുന്ന ചൈനയും സന്പത്തിൽ മുന്നിലുള്ള ഗൾഫ് രാജ്യങ്ങളും ഇപ്പോഴും വികസ്വര രാജ്യങ്ങളുടെ പട്ടികയിലാണെന്നും ഇവരും സഹായഫണ്ടിലേക്കു വിഹിതം നല്കണമെന്നും യൂറോപ്യൻ രാജ്യങ്ങൾ ആവശ്യപ്പെട്ടു.

ഇപ്പോൾ സമ്മതിച്ചിരിക്കുന്ന മുപ്പതിനായിരം കോടി വളരെ കുറവാണെന്നും തീരുമാനം വൈകിപ്പോയെന്നും ആഫ്രിക്കൻ രാജ്യങ്ങൾ ചൂണ്ടിക്കാട്ടി.

അംഗീകരിക്കാനാവില്ല: ഇന്ത്യ മുപ്പതിനായിരം കോടി ഡോളർ തുക തീർത്തും അപര്യാപ്തമെന്ന് കാലാവസ്ഥാ ഉച്ചകോടിയിലെ ഇന്ത്യൻ പ്രതിനിധി ചാന്ദ്നി റെയ്ന വ്യക്തമാക്കി. ഇന്ത്യയുടെ നിലനിൽപ്പിനാവശ്യമായ നടപടികൾക്കു തുക പോരെന്നും രാജ്യങ്ങളെ അവഗണിച്ചുകൊണ്ടുള്ള തീരുമാനം അംഗീകരിക്കാനാവില്ലെന്നും അവർ പറഞ്ഞു.

ചാന്ദ്നിയുടെ പ്രതികരണം ആർപ്പുവിളികളോടും കൈയടികളോടും സ്വീകരിക്കപ്പെട്ടു. സഹായധനം സംബന്ധിച്ച ഉച്ചകോടിയുടെ തീരുമാനം അപമാനകരമാണെന്ന് നൈജീരിയ പറഞ്ഞു. അടുത്തവർഷം ബ്രസീലിലെ ആമസോൺ മഴക്കാടുകളിലാണ് കാലാവസ്ഥാ ഉച്ചകോടി.

# ഹിംഗനേക്കർ വെടിക്കെട്ട്; അവസാന ഓവറിൽ വിജയം തട്ടിയെടുത്ത് മഹാരാഷ്ട്ര, കേരളത്തിനു തോൽവി

ഹൈദരാബാദ്: സയിദ് മുഷ്താഖ് അലി ട്രോഫിയിൽ മഹാരാഷ്ട്രയ്ക്കെതിരേ കേരളത്തിന് തോൽവി. ഹൈദരാബാദ്, രാജീവ് ഗാന്ധി ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത കേരളം ഉയർത്തിയ 188 റൺസ് വിജയലക്ഷ്യം ഒരു പന്തും നാലു വിക്കറ്റും ശേഷിക്കെ മഹാരാഷ്ട്ര മറികടന്നു.

രാഹുൽ ത്രിപാഠി (44), ദിവ്യാംഗ് ഹിംഗനേക്കർ (18 പന്തിൽ 43), അസിം കാസി (32), അർഷിൻ കുൽക്കർണി (24) എന്നിവരാണ് മഹാരാഷ്ട്രയ്ക്ക് വിജയമൊരുക്കിയത്. കേരളത്തിനു വേണ്ടി എം.ഡി. നിതീഷ്, സിജോമോൻ ജോസഫ് എന്നിവർ രണ്ടുവിക്കറ്റ് വീതവും സി.വി. വിനോദ് കുമാർ, പി.എ. അബ്ദുൾ ബാസിത് എന്നിവർ ഓരോ വിക്കറ്റും വീഴ്ത്തി.

നേരത്തെ, ടോസ് നഷ്ടമായി ബാറ്റിംഗിനിറങ്ങിയ കേരളം ഏഴ് വിക്കറ്റ് നഷ്ടത്തിലാണ് 187 റൺസെടുത്തത്. 45 റൺസെടുത്ത രോഹൻ കുന്നുമ്മൽ ആണ് കേരളത്തിന്റെ ടോപ് സ്കോറർ. മുഹമ്മദ് അസ്ഹറുദ്ദീൻ (40), സച്ചിൻ ബേബി (പുറത്താവാതെ 40) എന്നിവർ മികച്ച പ്രകടനം കാഴ്ചവച്ചു.

ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ കേരളത്തിന്റെ തുടക്കം ഭേദപ്പെട്ടതായിരുന്നു. ഒന്നാം വിക്കറ്റിൽ ക്യാപ്റ്റൻ സഞ്ജു സാംസണും (19) രോഹൻ കുന്നുമ്മലും ചേർന്ന് 43 റൺസ് ചേർത്തു. എന്നാൽ സഞ്ജുവിനെ, അർഷിൻ കുൽക്കർണി പുറത്താക്കി. പിന്നാലെ വിഷ്ണു വിനോദും (ഒമ്പത്) സൽമാൻ നിസാറും (ഒന്ന്) മടങ്ങിയതോടെ കേരളം മൂന്നിന് 55 എന്ന നിലയിൽ തകർന്നു.

പിന്നാലെ ക്രീസിൽ ഒന്നിച്ച രോഹൻ – അസ്ഹറുദ്ദീൻ സഖ്യം 33 റൺസ് കൂട്ടിച്ചേർത്തു. എന്നാൽ സ്കോർ 88 റൺസിൽ നില്ക്കെ രോഹനെ പുറത്താക്കി അർഷിൻ കുൽക്കർണി മഹാരാഷ്ട്രയ്ക്ക് ബ്രേക്ക്ത്രൂ സമ്മാനിച്ചു. 24 പന്തിൽ രണ്ട് സിക്സും അഞ്ച് ഫോറും ഉൾപ്പെടുന്നതായിരുന്നു രോഹന്റെ ഇന്നിംഗ്സ്.

രോഹൻ മടങ്ങിയതിനു പിന്നാലെ സച്ചിൻ ബേബിക്കൊപ്പം ചേർന്ന് അസ്ഹറുദ്ദീൻ നിർണായക കൂട്ടുകെട്ടുണ്ടാക്കി. ഇരുവരും 48 റൺസാണ് ചേർത്തത്. സ്കോർ 136 റൺസിൽ നില്ക്കെ, അസ്ഹറുദ്ദീൻ പുറത്തായി. 29 പന്തിൽ രണ്ടു സിക്സറും മൂന്നു ഫോറുമുൾപ്പെടുന്നതാണ് അസ്ഹറുദ്ദീന്റെ ഇന്നിംഗ്സ്.

തുടർന്ന് ക്രീസിലെത്തിയ അബ്ദുൾ ബാസിത് (14 പന്തിൽ 24) അതിവേഗം സ്കോർ 150 കടത്തി. അവസാന ഓവറിൽ ബാസിതും പിന്നാലെ വിനോദ് കുമാറും (പൂജ്യം) പുറത്തായി. അഖിൽ സ്കറിയ (നാല്) സച്ചിൻ ബേബിക്കൊപ്പം പുറത്താവാതെ നിന്നു.

മറുപടി ബാറ്റിംഗിനിറങ്ങിയ മഹാരാഷ്ട്രയുടെ തുടക്കവും മോശമായിരുന്നു. തുടക്കത്തിൽ തന്നെ ക്യാപ്റ്റൻ ഋതുരാജ് ഗെയ്ക്ക്‌വാദിന്റെ (ഒന്ന്) വിക്കറ്റ് നഷ്ടമായി. തുടർന്ന് ക്രീസിൽ ഒന്നിച്ച രാഹുൽ ത്രിപാഠിയും അർഷിൻ കുൽക്കർണിയും ചേർന്ന് 46 റൺസ് കൂട്ടിച്ചേർത്തു. എന്നാൽ സ്കോർ 56ൽ നില്ക്കെ കുൽക്കർണിയെ പുറത്താക്കി അബ്ദുൾ ബാസിത് കേരളത്തിന് ബ്രേക്ക്ത്രൂ നൽകി.

പിന്നാലെ അസി കാസിയെ കൂട്ടുപിടിച്ച് ത്രിപാഠി സ്കോർ ഉയർത്തി. ഇരുവരും ചേർന്ന് 49 റൺസിന്റെ കൂട്ടുകെട്ട് പടുത്തുയർത്തി. എന്നാൽ, സ്കോർ നൂറുകടന്നതിനു പിന്നാലെ ത്രിപാഠിയെ സിജോമോൻ ജോസഫ് പുറത്താക്കി. പിന്നാലെ അസി കാസിയും സിജോമോന് വിക്കറ്റ് നല്കി മടങ്ങി. തുടർന്ന് ക്രീസിലെത്തിയ എൻ.എസ്. നായ്ക്ക് (10), ധൻരാജ് ഷിൻഡെ (നാല്) എന്നിവർക്കും തിളങ്ങാനായില്ല. എന്നാൽ ഹിംഗനേക്കർ കൂറ്റനടികളോടെ ഒരറ്റത്ത് ഉറച്ചുനിന്നു.

അഖിൽ സ്കറിയ എറിഞ്ഞ അവസാന ഓവറിൽ ഏഴ് റൺസാണ് മഹാരാഷ്ട്രയ്ക്ക് ജയിക്കാൻ വേണ്ടിയിരുന്നത്. ആദ്യ പന്ത് വൈഡായി. രണ്ടും മൂന്നും പന്തിൽ സിംഗിൾ. അടുത്ത പന്തിൽ ഡബിൾ. അടുത്ത പന്തിൽ റണ്ണില്ല. അവസാന രണ്ടുപന്തിൽ ജയിക്കാൻ മൂന്ന് റൺ വേണ്ടിയിരിക്കെ ഹിംഗനേക്കർ ബൗണ്ടറിയിലൂടെ വിജയം പിടിച്ചെടുത്തു. ആർ.എസ്.ഘോഷ് (13) പുറത്താകാതെ നിന്നു.

## പാക്കിസ്ഥാനിൽ ഗോത്രവിഭാഗങ്ങൾ ഏറ്റുമുട്ടി; 37 പേർ കൊല്ലപ്പെട്ടു

പെഷവാർ: പാക്കിസ്ഥാനിൽ ഗോത്രവിഭാഗങ്ങൾ തമ്മിലാരംഭിച്ച ഏറ്റുമുട്ടലിൽ 37 പേർ കൊല്ലപ്പെടുകയും 30 പേർക്കു പരിക്കേൽക്കുകയും ചെയ്തു. ഖൈബർ പക്തൂൺഖ്വ പ്രവിശ്യയിൽ അഫ്ഗാൻ അതിർത്തിയോടു ചേർന്ന ഖുറം ജില്ലയിൽ വെള്ളിയാഴ്ച രാത്രിയാണ് അലിസായ്, ബേഗം ഗോത്രങ്ങൾ തമ്മിൽ ഏറ്റുമുട്ടലാരംഭിച്ചത്. മരണസംഖ്യ ഉയരുമെന്നു പാക് വൃത്തങ്ങൾ പറഞ്ഞു.

വ്യാഴാഴ്ച ഖുറമിൽ സിവിലിയൻ വാഹനങ്ങൾക്കു നേർക്ക് അജ്ഞാതർ നടത്തിയ ആക്രമണത്തിൽ 47 പേർ കൊല്ലപ്പെട്ടതിന്റെ തുടർച്ചയാണിത്. ഈ ആക്രമണത്തിൽ മരിച്ച ഭൂരിഭാഗവും ഷിയാ വിഭാഗക്കാരായിരുന്നു.

ഏറ്റുമുട്ടലിൽ ഭവനങ്ങളും വ്യാപാരസ്ഥാപനങ്ങളും നശിച്ചിട്ടുണ്ട്. വിവിധ ഗ്രാമങ്ങളിലുള്ളവർ സുരക്ഷിത സ്ഥലങ്ങളിലേക്കു പലായനം ചെയ്തു. കർഫ്യൂവിനു സമാനമായ അന്തരീക്ഷത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങളടക്കം തുറന്നില്ല. പ്രവിശ്യയിലെ നിയമമന്ത്രി, ചീഫ് സെക്രട്ടറി, പോലീസ് മേധാവി എന്നിവർ അടിയന്തരമായി ഹെലികോപ്റ്ററിൽ സ്ഥലത്തെത്തി. പതിറ്റാണ്ടുകളായി ഷിയ, സുന്നി വിഭാഗങ്ങൾ തമ്മിൽ സംഘർഷം നടക്കുന്ന സ്ഥലമാണു ഖുറം. സെപ്റ്റംബറിൽ ഇവിടെ എട്ടു ദിവസം നീണ്ട ഏറ്റുമുട്ടലിൽ അന്പതിലധികം പേർ കൊല്ലപ്പെടുകയും 120 പേർക്കു പരിക്കേൽക്കുകയും ചെയ്തിരുന്നു.

## ഇമ്രാന്റെ മോചനത്തിന് റാലി

ഇസ്‌ലാമാബാദ്: ജയിലിൽ കഴിയുന്ന മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാനെ മോചിപ്പിക്കണം എന്നാവശ്യപ്പെട്ട് അദ്ദേഹത്തിന്റെ തെഹ്‌രിക് ഇ ഇൻസാഫ് പാർട്ടി (പിടിഐ) ഇന്നലെ പാക്കിസ്ഥാൻ തലസ്ഥാനമായ ഇസ്‌ലാമാബാദിലേക്കു മാർച്ച് നടത്തി.

അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാനായി നഗരത്തിൽ വൻ സ ുരക്ഷാ സന്നാഹം ഒരുക്കിയിരുന്നു. പാർലമെൻറിലേക്കുള്ള റോഡുകൾ ബ്ലോക് ചെയ്യുകയും ഇൻറർനെറ്റിനു നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു.

അതേസമയം മാർച്ചിനിടെ പിടിഐ പ്രവർത്തകരും പോലീസും തമ്മിൽ സംഘർഷമുണ്ടായെന്നും അറസ്റ്റ് നടന്നതായും പാക് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ഖൈബർ പക്തൂൺഖ്വാ പ്രവിശ്യാ മുഖ്യമന്ത്രിയും ഇമ്രാന്റെ അനുയായിയുമായ അലി അമീൻ ഗണ്ടാപുർ ആണ് റാലിക്കു നേതൃത്വം നല്കിയത്. അറസ്റ്റിലായ പിടിഐ പ്രവർത്തകരെ മുഴുവൻ മോചിപ്പിക്കണമെന്നും ഷഹ്ബാസ് ഷരീഫ് സർക്കാർ രാജിവയ്ക്കണമെന്നും പിടിഐ നേതാക്കൾ ആവശ്യപ്പെട്ടു.

ഇമ്രാൻ കഴിഞ്ഞവർഷം ഓഗസ്റ്റ് മുതൽ വിവിധ കേസുകളിൽപ്പെട്ട് ജയിലിലാണ്. കേസുകൾ രാഷ്ട്രീയപ്രേരിതമെന്ന് അദ്ദേഹം ആരോപിക്കുന്നു.

# അദാനി വിഷയത്തിൽ പാർലമെൻറ് സ്തംഭിച്ചു, ഇരുസഭകളും ബുധനാഴ്ച വരെ നിർത്തിവച്ചു

ന്യൂഡൽഹി: പാർലമെൻറ് ശീതകാല സമ്മേളനത്തിന്റെ ആദ്യദിനം പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പിരിഞ്ഞു. അദാനി വിഷയത്തിൽ പ്രതിപക്ഷം പ്രതിഷേധിച്ചതോടെ ലോക്സഭയും രാജ്യസഭയും ബുധനാഴ്ച വരെ നിർത്തിവച്ചു.അദാനിക്കെതിരായ അമേരിക്കയുടെ നടപടി, സംഭൽ സംഘർഷം, മണിപ്പൂർ കലാപം, വയനാടിന് കേന്ദ്ര സഹായം അനുവദിക്കാത്ത നടപടി തുടങ്ങിയ വിഷയങ്ങളിൽ അടിയന്തര പ്രാധാന്യത്തോടെ ചർച്ച ചെയ്യണമെന്ന് ലോക്സഭയിലും രാജ്യസഭയിലും പ്രതിപക്ഷം ആവശ്യം ഉയർത്തുകയായിരുന്നു.

രാജ്യസഭയിൽ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെ വിഷയം ഉന്നയിക്കാൻ ശ്രമിച്ചത് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ തടഞ്ഞു. തുടർന്ന് പ്രതിപക്ഷം പ്രതിഷേധിക്കുകയായിരുന്നു. ലോക്സഭയിലും പ്രതിപക്ഷം പ്രതിഷേധിച്ചു. ഇതോടെ ഇരുസഭകളും ഇന്നത്തേയ്ക്ക് പിരിഞ്ഞു.

ചൊവ്വാഴ്ച ഭരണഘടനാ ദിനാചരണത്തിന്റെ ഭാഗമായ ആഘോഷങ്ങൾ നടക്കുന്നതിനാൽ സഭ സമ്മേളിക്കുന്നില്ല.അതസേമയം ചൊവ്വാഴ്ച പഴയ പാർലമെൻറിലെ സെൻറർ ഹാളിൽ ചേരുന്ന സംയുക്ത സമ്മേളനത്തിൽ പ്രധാനമന്ത്രിയും ഇരുസഭകളിലെയും അധ്യക്ഷൻമാരും സംസാരിക്കുന്നുണ്ട്. എന്നാൽ ലോക്സഭ, രാജ്യസഭ പ്രതിപക്ഷ നേതാക്കളായ രാഹുൽ ഗാന്ധിക്കും മല്ലികാർജുൻ ഖാർഗെയ്ക്കും അവസരം നൽകിയിട്ടില്ല. ഇതോടെ പ്രതിപക്ഷ പാർട്ടികൾ ഇക്കാര്യം ചൂണ്ടിക്കാട്ടി കത്ത് നൽകി.

# ഭിന്നശേഷി സംവരണം: മാർഗനിർദേശങ്ങൾ പുറത്തിറക്കി കേന്ദ്രം

സ്വന്തം ലേഖകൻ

ന്യൂഡൽഹി: ഭിന്നശേഷി സംവരണം ഏകീകൃതമാക്കാൻ കേന്ദ്രസർക്കാർ മാർഗനിർദേശങ്ങൾ പുറത്തിറക്കി. 40 ശതമാനമെങ്കിലും വൈകല്യമുള്ളവർക്ക് പുതിയ തസ്തികകൾ കണ്ടെത്തി നൽകി പിന്നീട് കമ്മിറ്റികൾ രൂപീകരിച്ചു പഠിക്കണമെന്നതാണ് കേന്ദ്രത്തിന്റെ പ്രധാന നിർദേശം.

ഭിന്നശേഷിക്കാർക്കുവേണ്ടി കണ്ടെത്തുന്ന പുതിയ തസ്തികകൾ അവർക്ക് അനുയോജ്യമാണെന്നു തോന്നിയാൽ അതിനുമുകളിലുള്ള എല്ലാ ഉന്നത തസ്തികകളിലും അവർക്ക് സംവരണമുണ്ടെന്ന് കേന്ദ്രം അറിയിച്ചു. 2016ലെ ഭിന്നശേഷി അവകാശ നിയമം നടപ്പാക്കുന്നതിൽ കേന്ദ്രീയ വിദ്യാലയ സംഗതൻ അടക്കമുള്ള ചില സ്ഥാപനങ്ങൾ വീഴ്ച വരുത്തിയെന്ന് ഡൽഹി ഹൈക്കോടതി ചൂണ്ടിക്കാട്ടിയതിനു പിന്നാലെയാണ് കേന്ദ്രത്തിന്റെ നീക്കം. പുതിയ നിർദേശങ്ങളനുസരിച്ച് വിവിധ മന്ത്രാലയങ്ങളുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന കമ്മിറ്റികളിൽ ഭിന്നശേഷി പ്രതിനിധികളുമുണ്ടാകും. പുതിയ തസ്തികകളിൽ കാലാനുസൃതമായ മാറ്റം വരുത്താനും സാങ്കേതികപുരോഗതികൾ കൊണ്ടുവരാനും മൂന്നു വർഷത്തിലൊരിക്കൽ സമഗ്രമായ വിലയിരുത്തൽ നടത്താനും നിർദേശമുണ്ട്. ഭിന്നശേഷിക്കാർക്കുള്ള സംവരണജോലികൾ കൂടുതൽ കാര്യക്ഷമമാക്കാനും ഭിന്നശേഷിയുള്ളവർക്ക് നീതി ഉറപ്പാക്കാനും വേണ്ടിയാണ് പുതിയ മാർഗനിർദേശങ്ങൾ.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കൾക്കുള്ള ലാപ്ടോപ്പ് വിതരണത്തിന്റേയും എ ഐ റിസപ്ഷനിസ്റ്റിന്റേയും സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വി.ശിവൻകുട്ടി നിർവഹിക്കുന്നു

# റവന്യു ജില്ലാ കലോത്സവത്തിന് ഇന്ന് തിരിതെളിയും

നെയ്യാറ്റിൻകര: പന്ത്രണ്ട് സബ് ജില്ലകളിലെ 346 സ്കൂളുകളിൽ നിന്നുള്ള ഏഴായിരത്തിയഞ്ഞൂറിലധികം മത്സരാർഥികൾ 249 ഇനങ്ങളിലായി മികവ് തെളിയിക്കുന്ന തിരുവനന്തപുരം റവന്യൂ ജില്ലാ കലോത്സവത്തിന് നാളെ തിരി തെളിയും.

കലോത്സവത്തിന്റെ ഒരുക്കങ്ങൾ അതിവേഗം പൂർത്തിയായി വരുന്നതായി സ്വാഗതസംഘം വർക്കിംഗ് ചെയർമാൻ പി. കെ രാജമോഹനൻ, ജനറൽ കൺവീനർ സുബിൻ പോൾ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

പ്രധാന വേദിയായ നെയ്യാറ്റിൻകര ഗവ. എച്ച്എസ്എസിൽ നാളെ രാവിലെ ഒന്പതിന് രജിസ്ട്രേഷൻ. പത്തിനു രചനാ മത്സരങ്ങൾ. വൈകുന്നേരം മൂന്നിന് പതാകയുയർത്തൽ. ദൃശ്യവിസ്മയത്തിനു ശേഷം 3.30ന് കെ. ആൻസലൻ എംഎൽഎ യുടെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ മന്ത്രി ജി. ആർ. അനിൽ കലോത്സവം ഉദ്ഘാടനം നിർവഹി ക്കും. ഡോ. ശശി തരൂർ എംപി മുഖ്യപ്രഭാഷണം നടത്തും.

എംഎൽഎ മാരായ സി. കെ. ഹരീന്ദ്രൻ, ഐ. ബി. സതീഷ്, വി. ശശി, വി. കെ പ്രശാന്ത്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ഷൈലജാ ബീഗം, നഗരസഭ ചെയർമാൻ പി. കെ. രാജമോഹനൻ എന്നിവർ പങ്കെടുക്കും. തുടർന്നു സ്റ്റേജിനങ്ങൾ ആരംഭിക്കും. ഈ വർഷം ഗോത്രകലകൾ കൂടി ഉൾപ്പെടുത്തിയിരിക്കുന്നതിനാലാണു വേദികളുടെ എണ്ണത്തിൽ വർധനവുണ്ടായതെന്നു ഡിഡിഇ പറഞ്ഞു.

കുറ്റമറ്റ രീതിയിൽ വിധിനിർണ്ണയവും ഫലപ്രഖ്യാപനവും നടത്താൻ പ്രോഗ്രാം കമ്മിറ്റി വ്യവസ്ഥ ചെയ്തിട്ടുണ്ട്. കലോത്സവ നടത്തിപ്പിനായി 15 സബ് കമ്മിറ്റികൾ വിവിധ അധ്യാപക സംഘടനകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. ശുചിത്വ മിഷന്റെ നിർദേശ പ്രകാരം ഹരിത കലോത്സവമാക്കാനും പ്ലാസ്റ്റിക് ബോട്ടിലുകൾ ഒഴിവാക്കാനും തീരുമാനിച്ചതായും സംഘാടക സമിതി ഭാരവാഹികൾ അറിയിച്ചു.

ഗതാഗത നിയന്ത്രണം, കുടിവെള്ള വിതരണം, മീഡിയ റൂം എന്നിവയെല്ലാം സുജ്ജമാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പബ്ലിസിറ്റി ആൻഡ് മീഡിയ കൺവീനർ കെ. വി. അഭിലാഷ് പറഞ്ഞു.രചനാ മത്സരങ്ങൾ നാളെ രാവിലെ ഗവ. ബോയ്സ് ഹയർസെക്കൻഡറി സ്കൂളിലെ മുപ്പത് ക്ലാസ് മുറികളിലായി നടക്കും. വൈകുന്നേരം ഉദ്ഘാടന സമ്മേളനത്തിനു ശേഷം 13 വേദികളിലായി മത്സരങ്ങൾ അരങ്ങേറും. അതേ സമയം, പ്രോഗ്രാം നോട്ടീസ് പ്രകാരം 3.30 ന് ഉദ്ഘാടന സമ്മേളനവും നാലിന് സ്റ്റേജിനങ്ങളും ആരംഭിക്കുമെന്നാണ് അറിയിച്ചിട്ടുള്ളതെങ്കിലും സമ്മേളനം വൈകുന്നതിനനുസരിച്ച് മത്സരങ്ങളുടെ സമയക്രമത്തിലും മാറ്റം വന്നേക്കാം.

രാത്രി വളരെ വൈകുന്നതിനു മുന്പ് മത്സരങ്ങൾ അവസാനിപ്പിക്കാൻ ശ്രമിക്കുമെന്ന് സംഘാടക സമിതി ഇപ്പോൾ അവകാശപ്പെടുന്നുവെങ്കിലും മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ സാധ്യതയില്ലെന്നാണ് നാട്ടുവർത്തമാനം. മാത്രമല്ല, തിരക്കേറിയതും പൊതുവേ വീതി കുറഞ്ഞതുമായ റോഡുകളുള്ള നെയ്യാറ്റിൻകര ആലുംമൂട് ജംഗ്ഷനു സമീപത്താണ് എല്ലാ വേദികളും. സ്വാഭാവികമായി ഈ ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് രൂക്ഷമാകുന്നതോടെ കാൽനട യാത്ര കൂടുതൽ ദുഷ്കരമാകും.

നെയ്യാറ്റിൻകര നഗരപരിസരം അപരിചിതമായവരാണ് നാളെ മുതൽ അഞ്ചു ദിനങ്ങളിലായി അരങ്ങേറുന്ന കലോത്സവത്തിലെത്തുന്ന നല്ലൊരു ശതമാനം മത്സരാർഥികളും. വഴിയോര കച്ചവടം ഉൾപ്പെടെയുള്ള സാഹചര്യങ്ങളെല്ലാം കണക്കിലെടുത്ത് പോലീസുമായി ഇതു സംബന്ധിച്ച ചർച്ച നടത്തുകയും ഉചിതമായ നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകുകയും ചെയ്യുമെന്ന് നഗരസഭ ചെയർമാൻ അറിയിച്ചു.

കലോത്സവവുമായി ബന്ധപ്പെട്ട് വ്യാപകമായ പിരിവ് ഇക്കുറിയും ആവർത്തിക്കുന്നുണ്ടെന്ന ആക്ഷേപവും ഉയരുന്നു. ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ഒന്നും രണ്ടും വേദികൾ അടുത്തടുത്താണെന്നത് അവിടുത്തെ മത്സരങ്ങളെ ബാധിക്കുമോ എന്നൊരു ആശങ്കയും ചില വിദ്യാർഥികളും രക്ഷിതാക്കളും അധ്യാപകരും പങ്കുവച്ചു.

ആദ്യ ദിനത്തിൽ ഒന്നാമത്തെ വേദിയിൽ തിരുവാതിരയും രണ്ടാമത്തെ വേദിയിൽ വഞ്ചിപ്പാട്ടുമാണ് നടക്കുന്നത്. ശബ്ദ സംവിധാനങ്ങളുടെ ക്രമീകരണത്തിൽ ഇത്തരത്തിൽ പാളിച്ച സംഭവിച്ചാൽ മത്സരങ്ങളുടെ നിറം മങ്ങിപ്പോയേക്കാം.

# മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എ ഐ റിസപ്ഷനിസ്റ്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കും: മന്ത്രി വി ശിവൻകുട്ടി

### *നിർമിതബുദ്ധി ഉപയോഗപ്പെടുത്തുന്ന ആദ്യത്തെ ക്ഷേമനിധി ബോർഡായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

നിർമിത ബുദ്ധിയുടെ സാങ്കേതികത പ്രവർത്തന വിപൂലീകരണത്തിന് ഉപയോഗിക്കുന്ന ആദ്യത്തെ ക്ഷേമനിധി ബോർഡായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് മാറിയിരിക്കുകയാണെന്ന് പൊതുവിദ്യാഭ്യാസ, തൊഴിൽ, നൈപുണ്യ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കൾക്കുള്ള ലാപ്ടോപ്പ് വിതരണത്തിന്റേയും എ ഐ റിസപ്ഷനിസ്റ്റിന്റേയും സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

എ ഐ റിസപ്ഷനിസ്റ്റ് കൂടി എത്തുന്നതോടെ ബോർഡ് പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് കൂടുതൽ കാര്യക്ഷമമായി എത്തിക്കാനാകും. കെൽട്രോണിന്റെ സഹായത്തോടെ ഏർപ്പെടുത്തുന്ന "ആർട്ടിഫിഷ്യൽ ഇന്റലിജൻസ് റിസപ്ഷൻ പ്ലാറ്റ്ഫോം - കെല്ലി' നിലവിൽ വരുന്നതോടെ ഓഫീസിൽ എത്തുന്ന ഒരാൾക്ക് കിയോസ്കിലൂടെ ബോർഡ് നൽകുന്ന സേവനങ്ങളെക്കുറിച്ചു സ്വയം ചോദിച്ചു കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും. ഇത് നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിൽ തൊഴിൽ വകുപ്പ് ജാഗ്രത പുലർത്തുന്നതിന്റെ മറ്റൊരു ഉദാഹരണമാണെന്നും മന്ത്രി പറഞ്ഞു.

പുതിയ കാലഘട്ടം ആവശ്യപ്പെടുന്ന തരത്തിൽ സാങ്കേതിക വിദ്യകളിലൂന്നിയ പരിശീലനം നൽകി തൊഴിൽ രംഗത്തെ മാറ്റങ്ങളെ നേരിടുന്നതിന് തൊഴിലാളികളെ സജ്ജരാക്കുന്നതിൽ തൊഴിൽ വകുപ്പ് മുന്നിലാണ്. കേരളം മുന്നോട്ട് വയ്ക്കുന്ന തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവർക്ക് മാതൃകയാവുന്ന തരത്തിൽ മികച്ചതാണ്.കേരള മോട്ടോർ തൊഴിലാളി ബോർഡിന്റെ പ്രവർത്തനങ്ങൾ പഠിക്കുന്നതിന് ആസാം, ഹരിയാന, അരുണാചൽ പ്രദേശ് തുടങ്ങി വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ കേരളത്തിലെത്തുകയും സമാനമായ പദ്ധതികൾ അവിടെ തുടങ്ങാനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു. ഇത് കേരള സർക്കാരിന്റെ തൊഴിൽ നയങ്ങൾക്കും പ്രവർത്തനങ്ങൾക്കുമുള്ള അംഗീകാരമാണെന്നും മന്ത്രി പറഞ്ഞു.

ഉടമകൾക്കും തൊഴിലാളികൾക്കും അംശാദായം അടയ്ക്കുന്നതിനും വിശദാംശങ്ങൾ അറിയുന്നതിനും ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുന്നതിനുമായി എറണാകുളം ജില്ലാ ഓഫീസിൽ തുടങ്ങിയ പുതിയ കിയോസ്ക് സംവിധാനം എല്ലാ ജില്ലാ ഓഫീസുകളിലും ഏർപ്പെടുത്തും. ക്ഷേമനിധി ബോർഡ് അംശാദായം അടക്കാൻ സാധിക്കാതെ മുടക്കം വന്നുപോയ തൊഴിലാളികൾക്ക് തുക ഒടുക്കുന്നതിന് ഒരു അവസരം കൂടി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് 2024 ഡിസംബർ 31 വരെ കുടിശ്ശിക ഒടുക്കാവുന്നതാണ്. ഉടമകൾക്കും തൊഴിലാളികൾക്കും അംശാദായം അടയ്ക്കുന്നതിനും വിശദാംശങ്ങൾ അറിയുന്നതിനും ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുന്നതിനുമായി ഏർപ്പെടുത്തിയ പുതിയ കിയോസ്ക് സംവിധാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ലേബർ കമ്മിഷണർ സഫ്ന നസറുദ്ദീൻ നിർവഹിച്ചു.

ചടങ്ങിൽ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കളിൽ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന 197 വിദ്യാർഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്തു. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ. കെ. ദിവാകരൻ, സി ഇ ഒയും അഡീ. ലേബർ കമ്മിഷണറുമായ രഞ്ജിത്ത് പി മനോഹർ, കെൽട്രോൺ മാനേജിങ് ഡയറക്ടർ വൈസ് അഡ്മിറൽ ശ്രീകുമാർ നായർ, ബോർഡ് ഡയറക്ടർമാർ, വകുപ്പിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# നഴ്സിംഗ് വിദ്യാർഥിനിയുടെ മരണം; മൂന്ന് സഹപാഠികളെയും പോലീസ് കസ്റ്റഡിയിൽ വിട്ടു

പത്തനംതിട്ട: നഴ്സിംഗ് വിദ്യാർഥിനി അമ്മു സജീവിന്റെ മരണത്തിൽ അറസ്റ്റിലായ സഹപാഠികളായ മൂന്ന് വിദ്യാർഥിനികളെയും രണ്ടുദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ടു.

പത്തനംതിട്ട ജുഡീഷൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെതാണ് നടപടി. പത്തനാപുരം സ്വദേശിനി അലീന, ചങ്ങനാശേരി സ്വദേശിനി അക്ഷിത, കോട്ടയം സ്വദേശിനി അഞ്ജന എന്നിവരാണ് കഴിഞ്ഞ ദിവസം അറസ്റ്റിലായത്. അമ്മുവിന്റെ മരണത്തിൽ പ്രതിഷേധങ്ങൾ ശക്തമായതിന് പിന്നാലെയാണ് ആത്മഹത്യാപ്രേരണാ കുറ്റം ചുമത്തി മൂന്ന് സഹപാഠികളെ അറസ്റ്റ് ചെയ്തത്.

സഹപാഠികളിൽ നിന്ന് നിരന്തര മാനസിക പീഡനം അമ്മു നേരിട്ടിരുന്നു എന്നായിരുന്നു കുടുംബത്തിന്റെ പരാതി. കഴിഞ്ഞ വെള്ളിയാഴ്ച വൈകുന്നേരമാണ് ചുട്ടിപ്പാറ സീപാസ് നഴ്സിംഗ് കോളജിൽ നാലാം വർഷ ബിഎസ്സി വിദ്യാർഥിനിയായിരുന്ന തിരുവനന്തപുരം സ്വദേശി അമ്മു എ. സജീവിനെ കെട്ടിടത്തിനു മുകളിൽ നിന്നു വീണ നിലയിൽ പത്തനംതിട്ട ജനറൽ ആശുപത്രിയിലെത്തിച്ചത്. അമ്മു ജീവനൊടുക്കാൻ സാധ്യതയില്ലെന്നും കോളജിലും ഹോസ്റ്റലിലും നടന്നിട്ടുള്ള സംഭവങ്ങളിൽ ദുരൂഹതയുണ്ടെന്നും ബന്ധുക്കൾ പോലീസിൽ മൊഴി നൽകിയിരുന്നു.

മകൾ ആത്മഹത്യ ചെയ്യില്ലെന്ന് പിതാവ് സജീവനും മാതാവ് രാധാമണിയും പോലീസിനോട് ആവർത്തിച്ചു. അമ്മു ജീവനൊടുക്കേണ്ട സാഹചര്യമില്ലെന്ന് സഹോദരനും പറയുന്നു.

## റെയിൽവെ ട്രാക്കിൽ 25 അടി നീളമുള്ള ഇരുമ്പുദണ്ഡ്; അട്ടിമറിനീക്കമെന്നു പോലീസ്

പിലിബിത്ത് (ഉത്തർപ്രദേശ്): റെയിൽവെ ട്രാക്കിൽ നിന്ന് 25 അടി നീളമുള്ള ഇരുമ്പ് ദണ്ഡ് കണ്ടെത്തി. കഴിഞ്ഞ ദിവസം പിലിഭിത്-ബറേലി റെയിൽവേ പാതയിൽ ലാലൂരി ഖേഡയ്ക്കു സമീപമുള്ള റെയിൽവേ ട്രാക്കിലാണ് 12 എംഎം വ്യാസവും 25 അടി നീളവുമുള്ള ഇരുമ്പ് ദണ്ഡ് കണ്ടെത്തിയത്. ഇതുവഴി വന്ന 05312 നമ്പർ ട്രെയിൻ ഇരുമ്പ് ദണ്ഡിൽ തട്ടിയതിനെത്തുടർന്ന് അല്പനേരം നിർത്തിയിട്ടതായി സിറ്റി സർക്കിൾ ഓഫീസർ ദീപക് ചതുർവേദി പറഞ്ഞു. സംഭവത്തിൽ അജ്ഞാതർക്കെതിരേ എഫ്ഐആർ രജിസ്റ്റർ ചെയ്തതായി അധികൃതർ അറിയിച്ചു. സംഭവത്തിൽ അട്ടിമറിക്കുള്ള ഗൂഢാലോചന സംശയിക്കുന്നതായി പോലീസ് പറഞ്ഞു. സമീപപ്രദേശങ്ങളിലെ സിസിടിവി ദൃശ്യങ്ങൾ പോലീസ് പരിശോധിക്കുന്നുണ്ട്. സമീപകാലത്ത് ഉത്തർപ്രദേശിൽ സമാനമായ നിരവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ റെയിൽവേ ട്രാക്കുകൾക്കു സമീപമുള്ളവർ ജാഗ്രത പാലിക്കണമെന്ന് ഉദ്യോഗസ്ഥർ ജനങ്ങളോട് അഭ്യർഥിച്ചു.

## കഴുത്തിൽ കയർ കുരുങ്ങി ബൈക്ക് യാത്രക്കാരൻ മരിച്ച സംഭവം; കരാറുകാരൻ അറസ്റ്റിൽ

പത്തനംതിട്ട: തിരുവല്ലയിൽ കഴുത്തിൽ കയർ കുരുങ്ങി ബൈക്ക് യാത്രക്കാരൻ മരിച്ച സംഭവത്തിൽ കരാറുകാരൻ അറസ്റ്റിൽ. തിരുവല്ല കവിയൂർ സ്വദേശി പി. കെ. രാജനാണ് അറസ്റ്റിലായത്. കരാറുകാരനാണ് അപകടത്തിന്റെ ഉത്തരവാദിത്വം. സുരക്ഷാ മുന്നറിയിപ്പുകൾ ഇല്ലാതെ റോഡിനു കുറുകെ കയർ കെട്ടിയത് അപകടകാരണമായെന്ന് പോലീസ് പറഞ്ഞു.

മരം മുറിക്കുന്നതിന്റെ ഭാഗമായി കെട്ടിയിരുന്ന കയറിൽ കുരുങ്ങി ആലപ്പുഴ തകഴി സ്വദേശിയായ സിയാദ് മരിക്കുന്നത്. പായിപ്പാട് ഉള്ള ബന്ധുവീട്ടിൽ നിന്ന് ബൈക്കിൽ മടങ്ങുന്നതിനിടെയായിരുന്നു അപകടം.

മുത്തൂർ സർക്കാർ സ്കൂൾ വളപ്പിലെ മരം മുറിക്കുന്നതിന്റെ ഭാഗമായി ഗതാഗതം നിയന്ത്രിക്കാൻ കരാറുകാർ റോഡിന് കുറുകെ കെട്ടിയ കയർ സിയാദിന്റെ കഴുത്തിൽ കുരുങ്ങുകയായിരുന്നു.

# ഓസീസിനെ എറിഞ്ഞിട്ടു; പെർത്തിൽ ഇന്ത്യയ്ക്ക് 295 റൺസിന്റെ ത്രസിപ്പിക്കുന്ന ജയം

പെർത്ത്: ഓസ്ട്രേലിയയ്ക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് 295 റൺസിന്റെ തകർപ്പൻ ജയം. ഇന്ത്യ ഉയർത്തിയ റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഓസ്ട്രേലിയയുടെ യാത്ര 238 റൺസിൽ അവസാനിച്ചു. 89 റൺസെടുത്ത ട്രാവിസ് ഹെഡ് ആണ് ആതിഥേയ നിരയിലെ ടോപ് സ്കോറർ.

ഹെഡിനു പുറമേ, മിച്ചൽ മാർഷ് (47), അലക്സ് കാരി (36), സ്റ്റീവ് സ്മിത്ത് (17), മിച്ചൽ സ്റ്റാർക് (12) എന്നിവർക്കു മാത്രമേ രണ്ടക്കം കടക്കാനായുള്ളു.

ഇന്ത്യയ്ക്കു വേണ്ടി മൂന്നു വിക്കറ്റ് വീതം വീഴ്ത്തിയ ജസ്പ്രീത് ബുംറയും മുഹമ്മദ് സിറാജും നിർണായകമായ രണ്ടു വിക്കറ്റുകൾ വീഴ്ത്തിയ വാഷിംഗ്ടൺ സുന്ദറുമാണ് വിജയമൊരുക്കിയത്. ബുംറ ടെസ്റ്റിൽ ഒന്നാകെ എട്ട് വിക്കറ്റ് വീഴ്ത്തി.

മൂന്നിന് 12 റൺസെന്ന നിലയിൽ നാലാം ദിനം ബാറ്റിംഗ് പുനരാരംഭിച്ച ഓസ്ട്രേലിയയ്ക്ക് ഓപ്പണർ ഉസ്മാൻ ഖവാജയുടെ (നാല്) വിക്കറ്റാണ് ആദ്യം നഷ്ടമായത്. മുഹമ്മദ് സിറാജിന്റെ പന്തിൽ വിക്കറ്റിനു പിന്നിൽ ഋഷഭ് പന്തിനു പിടികൊടുത്തു മടങ്ങുകയായിരുന്നു. ഇതോടെ നാലിന് 17 റൺസെന്ന നിലയിൽ തകർന്ന ഓസ്ട്രേലിയയെ അഞ്ചാംവിക്കറ്റിൽ സ്റ്റീവ് സ്മിത്തും ട്രാവിസ് ഹെഡും ചേർന്ന് അമ്പതു കടത്തി. ഇരുവരും ചേർന്ന് 62 റൺസാണ് കൂട്ടിച്ചേർത്തത്.

എന്നാൽ സ്കോർ 79 റൺസിൽ നില്ക്കെ 60 പന്തിൽ 17 റൺസെടുത്ത സ്റ്റീവ് സ്മിത്തിനെയും പന്തിന്റെ കൈകളിലെത്തിച്ച് സിറാജ് വീണ്ടും പ്രഹരമേല്പിച്ചു. പിന്നാലെ മിച്ചൽ മാർഷിനെ ഒരറ്റത്തു നിർത്തി ഹെഡ് ഓസീസിനെ നൂറു കടത്തുകയായിരുന്നു. ഇരുവരും ചേർന്ന് 81 റൺസിന്റെ നിർണായക കൂട്ടുകെട്ട് പടുത്തുയർത്തി.

എന്നാൽ, സ്കോർ 161 റൺസിൽ നില്ക്കെ സെഞ്ചുറിക്കരികിലായിരുന്ന ഹെഡിനെ പുറത്താക്കി ക്യാപ്റ്റൻ ബുംറ ഇന്ത്യക്ക് ബ്രേക്ക്ത്രൂ നൽകി. 101 പന്തുകൾ നേരിട്ട ഹെഡ് എട്ട് ബൗണ്ടറികൾ നേടിയിരുന്നു. പിന്നാലെ, മാർഷിനെ നിതീഷ് കുമാർ റെഡ്ഡി ബൗൾഡാക്കിയതോടെ ഓസീസ് ഏഴിന് 182 റൺസെന്ന നിലയിലായി.

പിന്നീട് പരാജയം പരമാവധി നീട്ടിക്കൊണ്ടുപോകുന്ന ചുമതലയേ വാലറ്റത്തിനുണ്ടായിരുന്നുള്ളൂ. എട്ടാം വിക്കറ്റിൽ ഒത്തുചേർന്ന അലക്സ് കാരി - മിച്ചൽ സ്റ്റാർക്ക് സഖ്യം 45 റൺസ് കൂട്ടിച്ചേർത്തു. എന്നാൽ 227 റൺസിൽ നില്ക്കെ സ്റ്റാർക്കിനെയും (12) തൊട്ടു പിന്നാലെ നഥാൻ ലയണിനെയും (പൂജ്യം) പുറത്താക്കി വാഷിംഗ്ടൺ സുന്ദർ ഓസ്ട്രേലിയയ്ക്ക് ഇരട്ടപ്രഹരമേല്പിച്ചു.

അവസാന വിക്കറ്റിൽ ജോഷ് ഹേസിൽവുഡിനെ കൂട്ടുപിടിച്ച് അലക്സ് കാരി (36) തട്ടിനില്ക്കാൻ ശ്രമിച്ചെങ്കിലും ഹർഷിത് റാണയുടെ രൂപത്തിൽ വിജയം ഇന്ത്യയെ തേടിയെത്തി.

പന്ത്രണ്ട് ഓവറിൽ 42 റൺസ് വഴങ്ങിയാണ് ബുംറ മൂന്നുവിക്കറ്റ് വീഴ്ത്തിയത്. അതേസമയം, മുഹമ്മദ് സിറാജ് 51 റൺസ് വഴങ്ങി മൂന്നുവിക്കറ്റ് വീഴ്ത്തി. വാഷിംഗ്ടൺ സുന്ദർ രണ്ടും ഹർഷിത് റാണ, നിതീഷ് കുമാർ റെഡ്ഡി ഒരു വിക്കറ്റും വീതം വീഴ്ത്തി

## താത്കാലിക ഡെപ്യൂട്ടേഷൻ

2025-ലെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് സൗദി അറേബ്യയിലെ ജിദ്ദയിലുള്ള ഇന്ത്യൻ കോൺസുലേറ്റ് ജനറലിന്റെ ഓഫീസിലേക്ക് കോർഡിനേറ്റർ (അഡ്മിൻ), ഹജ്ജ് ഓഫീസർ, ഹജ്ജ് സൂപ്രണ്ട് എന്നീ തസ്തികകളിലേക്ക് താത്കാലിക ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നു. മുസ്ലീം മത വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾക്കും പുരുഷൻമാർക്കും അപേക്ഷിക്കാം. രണ്ട് മുതൽ മൂന്ന് മാസം വരെയായിരിക്കും താത്കാലിക നിയമനം. മേയ് മുതൽ ജുലൈ വരെയുള്ള കാലയളവിലേക്കാണ് നിയമനം പ്രതീക്ഷിക്കുന്നത്. അപേക്ഷകൾ ഓൺലൈനായി റലൂൗമേശേീ.വമഷ.ഴീ.ശി എന്ന വെബ്സൈറ്റ് മുഖേന ഇന്ത്യാ ഗവൺമെന്റിന്റെ ന്യൂനപക്ഷ ക്ഷേമ മന്ത്രാലയത്തിന് സമർപ്പിക്കണം. ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2024 നവംബർ 28. വിശദവിവരങ്ങൾക്ക് deputation.haj.gov.in സന്ദർശിക്കുക.

# വയനാട് ദുരന്തം: കേന്ദ്രസർക്കാർ പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കുമെന്ന് കേന്ദ്ര ധനമന്ത്രി

### കെ. വി. തോമസ് കേന്ദ്രമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി

വയനാട് ദുരന്തത്തിനുള്ള കേന്ദ്ര സർക്കാർ പാക്കേജ് സമയബന്ധിതമായി അംഗീകരിച്ച് നടപ്പിലാക്കുമെന്ന് കേന്ദ്ര ധനകാര്യ മന്ത്രി നിർമല സീതാരാമൻ കേരളത്തിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ വി തോമസിനെ പാർലമെന്റിൽ നടന്ന ചർച്ചയിൽ അറിയിച്ചു. കേന്ദ്രസർക്കാരിന്റെ ഉന്നത ഉദ്യോഗസ്ഥരുടെ സംഘം കഴിഞ്ഞ ഓഗസ്റ്റ് 8, 9, 10, തീയതികളിൽ വയനാട് സന്ദർശിക്കുകയും, കേരള ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ളവരുമായി ആശയവിനിമയം നടത്തിയതിനുശേഷം റിപ്പോർട്ട് ആഭ്യന്തരമന്ത്രി, ധനകാര്യമന്ത്രി, കൃഷിമന്ത്രി എന്നിവരുടെ സബ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും നിർമല സീതരാമൻ അറിയിച്ചു. അതോടൊപ്പം കേരള സർക്കാരിന്റെയും വിശദമായ റിപ്പോർട്ടുകൾ കേന്ദ്രത്തിന് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ പരിശോധിച്ച് വയനാടിന് നൽകേണ്ട പ്രത്യേക കേന്ദ്ര സഹായം ഉടൻ പ്രഖ്യാപിക്കുമെന്ന് നിർമല സീതാരാമൻ തോമസിനെ അറിയിച്ചു. മാത്രമല്ല കേരളത്തിന് കൂടുതൽ കടമെടുക്കുന്നതിനുള്ള അനുവാദം, ദേശീയപാതയുടെ ഭൂമി ഏറ്റെടുക്കേണ്ടതിന് നൽകേണ്ട കേന്ദ്ര സഹായം, വിഴിഞ്ഞം പ്രോജക്റ്റിന് നൽകേണ്ട കേന്ദ്ര സഹായം എന്നിവയെല്ലാം എത്രയും വേഗം ലഭ്യമാക്കുമെന്ന് കേന്ദ്രമന്ത്രി ഉറപ്പുനൽകി.

പലവട്ടം മുഖ്യമന്ത്രി പിണറായി വിജയൻ, സംസ്ഥാന ധനകാര്യ മന്ത്രി കെ.എൻ ബാലഗോപാൽ എന്നിവർ കേന്ദ്രമന്ത്രി നിർമലാ സീതാരാമനുമായി നടത്തിയിട്ടുള്ള ചർച്ചകളുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് ഈ തീരുമാനം എടുത്തിട്ടുള്ളത്.

## മത്സ്യത്തൊഴിലാളികൾക്ക് ജാഗ്രത നിർദേശം

നവംബർ 25 മുതൽ 29 വരെ തെക്കൻ കേരള തീരത്ത് മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ആ ഭാഗങ്ങളിലേക്ക് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.